മലയാള പുരോഗമന വാരിക

വിഷയവിവരം

യുദ്ധാബ്ദം—	എ. ബാലകൃഷ്ണപിള്ള	3
പുരോഗതിയുടെ ജാതകം കുറിക്കൽ—	ഹരോൾഡ് ലാസ്കി	4
കീഴടങ്ങുക!—	ഒളപ്പമണ്ണ	6
നാണമില്ലല്ലോ—	മുട്ടത്തുവർക്കി	7
നാടകവാർത്തകൾ—	വിഹാരി	10
അവർ പറയുന്നു—		12
പതിമൂന്നാംപേജ്—	ബാലൻ	13
ഗ്രന്ഥവിഹാരം—	സി. ജെ. തോമസ്	15
സ്വദർശനം—	കെ. സുരേന്ദ്രൻ	19
ഭടന്റെ പ്രതിജ്ഞ—	മണ്ണാലത്ത് ശ്രീധരൻ	21

XXV (32)

March 24, 1946

വില 2 ണ.

കാൽസിഫെറോ

(റജിസ്റ്റേർഡ്)

കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർ ചാടിയും, കവിൾ വീത്തും, വിളറിയും തീരെ ആരോഗ്യം നശിച്ച കുട്ടികൾക്ക് ഏററവും ഉത്തമമായ ടോണിക്ക്. കുഞ്ഞുങ്ങൾക്ക് ദന്തസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാററുന്നു.

അസ്ഥിവളർച്ചയ്ക്കും ശരീരപുഷ്ടിക്കും ഉത്തമം.

ഫലസിദ്ധിയുള്ള പല അപൂർവ്വ ഔഷധങ്ങളുടെ രസവും, കാൽസിയം, ഇരുമ്പ്, മഗ്നേഷ്യംമുതലായ ധാതുദ്രവ്യങ്ങളും, തേനും, മാൾട്ടും ചേർത്ത് ശാസ്ത്രീയമായി തയ്യാർ ചെയ്തിട്ടുള്ളതു്.

എല്ലാ മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

മലയാളത്തിലെ നല്ല പുസ്തകങ്ങൾ

1	തിരുമുൽക്കാഴ്ച –	പൊൻകുന്നംവർക്കി	1	12	0
2	ആരാമം	,,	1	12	0
3	വികാരസദനം	,,	3	0	0
4	അഞ്ജലി	,,	1	0	0
5	ഹൃദയനാദം	,,	1	0	0
6	പൂജ	,,	1	8	0
7	പ്രേമവിപ്ലവം	,,	1	0	0
8	മേൽവിലാസം –	കാരൂർനീലകണ്ഠപ്പിള്ള	1	4	0
9	അപ്പൂപ്പൻ	,,	0	14	0
10	താഴ്വരകൾ –	വെട്ടൂർരാമൻനായർ	1	4	0
11	രാഗരശ്മി	,,	1	0	0
12	നാടകകൃത്ത് -	പി. കേശവദേവ്	1	0	0
13	ഈ. വി. സ്മരണകൾ –	സി. കെ. രാമൻനായർ	1	8	0
14	ശാശ്വതരശ്മികൾ (ചങ്ങമ്പുഴയുടെ വാഴക്കുല മുതലായ കവിതകൾ)		0	12	0
15	നിങ്ങളുടെ ഭക്ഷണം —	എം. ആർ. മസാനി	1	12	0

നാഷനൽ ബുക്കസ്റ്റാൾ

കളരിക്കൽ ബസാർ, കോട്ടയം, തിരുവിതാംകൂർ.

ചിത്രോദയം

യഹൂദാബ്ദം

(എ. ബാലകൃഷ്ണപിള്ള)

ചരിത്രാതീതകാലങ്ങളിൽ പശ്ചിമ ഏഷ്യയിൽ സാർവത്രികമായി പ്രചരിച്ചിരുന്ന കല്പഗണനം പ്രാചീന ഏബ്രായരുടെയും യഹൂദരുടെയും ഇടയ്ക്കുംകൂടി പ്രചരിച്ചിരുന്നു എന്നും, ഒത്തരം അബ്ദവട്ടങ്ങളുടെ അന്ത്യകാലങ്ങളിൽ ഏതെങ്കിലും ഒരു പ്രധാന സംഭവം നടക്കുമെന്നു പ്രാചീന മനുഷ്യർ വിശ്വസിച്ചിരുന്നു എന്നും, ഇതിനു ചരിത്രപരമായി കുറെ അടിസ്ഥാനമുണ്ടെന്നും ഈ ധനുമാസത്തിലെ മംഗളോദയം മാസികയിലെ "ദിവ്യഗീതം" എന്ന ലേഖനത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. ഈ കല്പങ്ങൾ 1200 വർഷം വീതവും 1000 വർഷം വീതവുമുള്ള രണ്ടുതരമായിരുന്നു എന്നും ഞാൻ അതിൽ പ്രസ്താവിച്ചിരുന്നു. ചെകുത്താനെ ആയിരം വർഷത്തേക്കു ബന്ധിച്ചുവച്ചിരുന്നു എന്നു ബൈബിളിലെ വെളിപ്പാടുപുസ്തകത്തിലെ 20-ാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളതും ഏബ്രായരുടെയും യഹൂദരുടെയും ഇടയ്ക്കുള്ള കല്പഗണനപ്രചാരത്തിനു മറ്റൊരു ലക്ഷ്യമാണ്. ഈ രണ്ടുതരം കല്പങ്ങൾക്കു പുറമെ പ്രാചീന ഈജിപ്തുകാരുടെ ഇടയ്ക്കു പ്രചരിച്ചിരുന്ന 1461 വർഷംവീതമുള്ള ഒരു കൽപ്പവും (സോതിക് സൈക്കിൾ) കൂടി ഏബ്രായരുടെയും യഹൂദരുടെയും ഇടയ്ക്കു പ്രചരിച്ചിരുന്നു എന്നു സ്ഥാപിക്കലാണ് ഇവിടെ തുനിയുന്നതു്. ഇതിനെ അനുസരിച്ചു സ്ഥാപിച്ച അബ്ദമാണു ബി. സി. 3760-ൽ തുടങ്ങുന്ന യഹൂദാബ്ദം. പക്ഷേ, ഈജിപ്തുകാരുടെ ഈ കൽപ്പവും, യഹൂദരുടെ ഈ കൽപ്പവും തുടങ്ങുന്ന കാലങ്ങൾക്കുതമ്മിൽ വ്യത്യാസമുണ്ട്. ഈജിപ്തുകാരുടെ കൽപ്പം ബി. സി. 4238-ലും, യഹൂദരുടേതു ബി. സി. 3760-ലും തുടങ്ങുകയാണു ചെയ്തിട്ടുള്ളതു്.

ബി. സി. 3760-ൽ തുടങ്ങുന്ന യഹൂദാബ്ദം 1461 വർഷംവീതമുള്ള കൽപ്പത്തെ അനുസരിച്ചിട്ടുള്ളതാണെന്നു് ഇനി കാണിക്കാം. ബി. സി 3760 ഈജിപ്തിലെ സുപ്രസിദ്ധ രാജാവായ മെനെസ്സിന്റെ സിംഹാസനാരോഹണ കാലമാണെന്നു ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്. ഇദ്ദേഹം സിനായിയിലെ യഹൂദവർഗ്ഗക്കാരെയുംകൂടി ഭരിച്ചിരുന്നതുനിമിത്തമായിരിക്കാം അവർ ഈ വർഷത്തെ ഒരു അബ്ദത്തിന്റെ പ്രാരംഭവർഷമാക്കിയതു്. ബി. സി. 3760-ൽനിന്നു് 1461 വർഷം കുറച്ചാൽ ബി. സി. 2299 കിട്ടും. ഇതിൽനിന്നു പിന്നെയും 1461 കുറച്ചാൽ ബി. സി. 838 കിട്ടും. ഇതിൽനിന്നു വീണ്ടും 1461 കുറച്ചാൽ എ. ഡി. 623 ലഭിക്കും. അബ്രാമിന്റെ സമകാലീനനായ കെദോർലയോമെർ (കെദോർമാബുക്ക്) എന്ന ഏലാം ചക്രവർത്തിയുടെ പൂർവികനായ കെദോർനഖുന്റ് ബാബിലോണിയയിലെ ഉർനഗരത്തിലെ മൂന്നാം രാജവംശത്തെ തോല്പിച്ചു് ബാബിലോണിയായിൽ തന്റെ ആധിപത്യം സ്ഥാപിച്ച കാലമായ ബി. സി. 2299 എന്ന പ്രസ്തുത അബ്ദത്തെ കല്പാന്ത കാലമെന്നു ഞാൻ കണ്ടുപിടിച്ചിട്ടുണ്ട്. ഈ ആക്രമണം നിമിത്തമാണു ബി. സി. 2236-2116 എന്ന മന്വന്തരത്തിൽ ജീവിച്ചിരുന്ന അബ്രാമിന്റെ പിതാവു് തേറഹ് ഉർനഗരം വിട്ടു പലസ്തീനായിലേക്കു പുറപ്പെട്ടതെന്നു് അനുമാനിക്കാം. ഇവിടെ 120 വർഷംവരുന്ന ഒരു മന്വന്തരം എന്നതു് 1200 വർഷംവീതമുള്ള ഒരു കല്പത്തിന്റെ പത്തിലൊരുഭാഗവും, 40 വർഷംവീതമുള്ള മൂന്നു തലമുറകൾ അടങ്ങിയ ഒന്നുമാണെന്നു് ഓർക്കണം.

അടുത്ത കല്പാന്തവർഷമായ ബി. സി. 838-ൽ അസ്സീറിയാ ചക്രവർത്തിയായ ഷൽമനേസ്സർ മൂന്നാമൻ പലസ്തീനെ ആക്രമിച്ചു. യരുശലേമിലെ ദാവീദിന്റെ രാജവംശത്തെ നശിപ്പിച്ചു നാമാവശേഷമാക്കുകയുണ്ടായി. അടുത്ത കല്പാന്തകാലമായ എ. ഡി. 623-ൽ (അഥവാ ഹെജ്റാബ്ദം തുടങ്ങുന്ന എ. ഡി. 622-ൽ) മുഹമ്മദ്നബി അബ്രാമി

പുരോഗതിയുടെ ജാതകം കുറിക്കൽ

(ഒരു തികഞ്ഞ സോഷ്യലിസ്റ്റും, ഇൻഡ്യയുടെ ബന്ധുവും ബ്രിട്ടനിലെ തൊഴിലാളികക്ഷിയുടെ എക്സിക്യൂട്ടീവ് കമ്മിററി പ്രസിഡണ്ടും സുപ്രസിദ്ധ രാഷ്ട്രീയ ചിന്തകനും ആയ പ്രൊഫസ്സർ ഹരോൾഡ് ലാസ്കി എഴുതിയ ഒരു ലേഖനത്തിൽ നിന്നു്)

ഇൻഡ്യൻ നാവികസൈന്യത്തിലും വിമാനസേനയിലും ഈയിടെയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അസ്വാസ്ഥ്യം സംസ്ഥാന നഗരങ്ങളിൽ വീണ്ടും വീണ്ടും ഉണ്ടായിക്കൊണ്ടിരിക്കുന്ന ലഹളകൾ, വെള്ളക്കാരോടു് നാട്ടെങ്ങും ദിനംദിനം വർദ്ധിച്ചു വരുന്ന വെറുപ്പ്, അടുത്ത ചില മാസങ്ങൾക്കുള്ളിൽ അനേകം ജീവനെ വിഴുങ്ങുന്നതിനു് തയ്യാറായി വരുന്ന ഭയങ്കര ഭക്ഷണക്ഷാമം, ഇവയെല്ലാം ഏററവും ശീഘ്രം ഇൻഡ്യൻ പ്രശ്നത്തിനു് ഒരു പരിഹാരമുണ്ടാകാതിരിക്കാൻ നിവൃത്തിയില്ലാതാക്കിത്തീർത്തിരിക്കുന്നു. ഇൻഡ്യയിൽനിന്നും ഈയിടെ മാത്രം മടങ്ങിയെത്തിയിട്ടുള്ള പാർല്ലമെൻററി പ്രതിനിധിസംഘം ഏകകണ്ഠമായി അഭിപ്രായപ്പെടുന്നു കാലതാമസം ഏററവും ആപൽക്കരമാണെന്നു്. എത്രയും വേഗത്തിൽ ഇൻഡ്യൻ പ്രശ്നം പരിഹരിക്കപ്പെടാത്തപക്ഷം ഇതേവരെയും കേട്ടിട്ടില്ലാത്ത വിധത്തിലുള്ള അതിഭയങ്കരമായ കലാപമായിരിക്കും ഫലം.

പതിനൊന്നാം മണിക്കൂറിലാണെങ്കിലും ഇപ്പോഴത്തെ തൊഴിലാളി ഗവർമ്മെൻറു് സുധീരം ഒരു ചുവടു മുമ്പോട്ടു വച്ചിരിക്കുന്നു. ഇൻഡ്യൻ പ്രശ്നത്തിനു് ഒരു പരിഹാരം കണ്ടുപിടിക്കുന്നതിനും ഇൻഡ്യൻ നേതാക്കന്മാരുമായി ഒരൊത്തുതീർപ്പിലെത്തിച്ചേരുന്നതിനും വൈസ്രോയിയെ ഫലപ്രദമായി സഹായിക്കുന്നതിനു സർ സ്റ്റാഫോർഡ് ക്രിപ്സ്, ഇൻഡ്യാ സെക്രട്ടറി പെത്തിക്ക് ലോറൻസ് പ്രഭു, എ. വി. അലക്സാണ്ടർ എന്നീ മൂന്നു പ്രമുഖ മന്ത്രിസഭാംഗങ്ങൾ അടങ്ങിയ ഒരു കമ്മിററിയെ ഇൻഡ്യയിലേക്കു് അയക്കുന്നതിനാണു് അവർ നിശ്ചയിച്ചിട്ടുള്ളതു്. ഈ കമ്മിററി ഉദാരവും സുശക്തവുമാണു്. ഇൻഡ്യൻ നേതാക്കന്മാരും ഈ കമ്മിററിയുംകൂടി യോജിച്ചു ചെയ്യുന്ന ഏതൊരു തീരുമാനവും ബ്രിട്ടീഷ് മന്ത്രിസഭയാലും പാർല്ലമെൻറിനാലും അംഗീകരിക്കപ്പെടുന്നതായിരിക്കും. കമ്മിററിയുടെ ഇൻഡ്യയിലെ പ്രവർത്തനത്തിനു് കാലാവധി നിർണ്ണയിച്ചിട്ടില്ല. മൂന്നു വർഷങ്ങൾക്കുമുമ്പ് സർ ക്രിപ്സിനാണെങ്കിൽ, ആർഭാടപ്രിയനും ഭാവനാരഹിതനുമായ ലിൻലിത്ഗോപ്രഭുവിൻെറ നിഴലിൽ അയവില്ലാത്ത ചില നിർദ്ദേശങ്ങളുടെ പരിധിയിൽ മാത്രമാണു് ജോലി നിർവഹിക്കേണ്ടിയിരുന്നതു്. ഇന്നത്തെ മന്ത്രിസഭാകമ്മിററിക്കാണെങ്കിൽ അപ്രകാരം ഒരു വിഷമം നേരിടേണ്ടതില്ല. വേവൽപ്രഭു സ്തുത്യർഹനായ ഒരു വൈസ്രോയി. അദ്ദേഹം തൻെറ മുൻഗാമിയെപ്പോലെ വൈസ്രോയി പദത്തിനു ചുററും നൃത്തമാടുന്ന ആർഭാടങ്ങൾക്കോ അനാചാരങ്ങൾക്കോ തീർത്തും വശംവദനല്ല. വ്യക്തിപരമായി അദ്ദേഹത്തെ ഏവരും ഇഷ്ടപ്പെടുന്നു. ഇന്നത്തെ സ്ഥിതിഗതികളുടെ ഗൗരവം അതേപടിതന്നെ അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ടെന്നുള്ളതു് പരക്കെ അറിവുള്ളതാണു്. ഇപ്പോഴത്തെ കുഴഞ്ഞ പ്രശ്നങ്ങൾക്കു് ശരിയായ

ന്റെ ഹനീഫിമതം പരിഷ്കരിച്ചു് ഇസ്ലാം സ്ഥാപിക്കുകയും ചെയ്തു.

ഈജിപ്തിലെ സോതിക് സൈക്കിൾ സ്ഥാപിച്ചതു പ്രാചീന തലസ്ഥാനങ്ങളായ മെംഫിസിലും ഹെലിയോപൊലിസിലും നൈൽനദിയിലെ വെള്ളപ്പൊക്കം എത്തുന്നതും, സോതിസ് (രുദ്രൻ) നക്ഷത്രം പ്രഭാതത്തിനു് അല്പംമുമ്പ് ഉദിക്കുന്നതുമായ കാലത്തെ ആസ്പദിച്ചാണെന്നാണു പറഞ്ഞുവരുന്നതു്. ചരിത്രകാരന്മാർ "ഹോറസിൻെറ അനുചരർ" (ഷെംസു-ഹോർ) എന്നു പേരിട്ടിട്ടുള്ള വർഗ്ഗക്കാർ അറേബ്യയിൽനിന്നു സിനായിയിലേക്കും പലസ്തീനയിലേക്കും പോയി പാർത്തിരുന്നപ്പോൾ, ഇവർ 1461 വർഷം വീതമുള്ള കല്പം ഉപയോഗിച്ചിരുന്നു എന്നും അനന്തരം ഇവർ ഈജിപ്തിലേക്കു കടന്നപ്പോൾ പ്രസ്തുത കല്പഗണനയേയും അവിടെകൊണ്ടുപോയി അവിടത്തെ ഋതുപ്രകൃതിസംഭവത്തിനനുസരണമായി സ്ഥാപിച്ചു എന്നും, ഈ സംഭവം ബി. സി. 4238-ലെ നൈൽനദിയിലെ വെള്ളപ്പൊക്കമാണെന്നും വിചാരിക്കേണ്ടിവരുന്നു. ഈ സോതിക് സൈക്കിൾ ആദ്യം ഉത്ഭവിച്ചതു് അറേബ്യയിലായിരുന്നിരിക്കണം. ഇതുനിമിത്തമാണു് ഇസ്ലാമിൻെറ സ്ഥാപനകാലത്തെ അറബികൾ ഇതിനെ ആസ്പദിച്ചു് എ. ഡി. 622-ലെ ഹെജ്റാ അബ്ദം തുടങ്ങിയതും. ഈ സോതിക് സൈക്കിളിൻെറ ഉത്ഭവം ബി സി. 3760-നു് ഒരു സോതിക് സൈക്കിൾ, അഥവാ, 1461 വർഷംമുമ്പ്, അതായതു്, ബി. സി. 5221-ൽ ആണെന്നും അനുമാനിക്കാവുന്നതാണു്.

ഒരു തീരുമാനമുണ്ടാകുന്നതിനു് ബ്രിട്ടീഷ് ഗവർമ്മെൻറിനു് ഈയിടെയായി അതിയായ താല്പര്യമുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. നാവികസൈന്യങ്ങളുടെ ഇടയിൽ ഈയിടെ ഉണ്ടായ ലഹളയെ പരാമർശിച്ചു പ്രധാനമന്ത്രി മി. ആററ്ലി ചെയ്ത പ്രസ്താവനതന്നെ അതിനു സാക്ഷ്യം വഹിക്കുന്നു. അദ്ദേഹം ലഹളയെ ന്യായീകരിക്കുകയോ മാപ്പു ചെയ്കയോ ചെയ്തിട്ടില്ല. എന്നാൽ അദ്ദേഹത്തിന്റെ വാക്കുകളിലോ സ്വരത്തിലോ വിദ്വേഷത്തിന്റെ ലാഞ്ഛന പോലും ഇല്ലായിരുന്നു. അതു മാത്രമല്ല ഏററവും സമീപഭാവിയിൽ അധികാരം കൈമാറുന്നതിനുള്ള സന്നദ്ധത വിളംബരം ചെയ്കകൂടിയായിരുന്നു അദ്ദേഹം ചെയ്തതു്. ഇൻഡ്യൻ പ്രശ്നത്തിനു് ന്യായമായ ഒരു പരിഹാരം കണ്ടുപിടിക്കാത്തിടത്തോളംകാലം ലോകസമാധാനം ഒരു മിഥ്യ മാത്രമായിരിക്കുകയുള്ളു എന്നു 1944-ൽ കൂടിയ തൊഴിലാളി കക്ഷിയുടെ പ്രത്യേക സമ്മേളനം ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതാണു്. ഇന്നത്തെ ബ്രിട്ടീഷ് ഗവർമ്മെൻറു് ആ സത്യം മനസ്സിലാക്കിയിരിക്കണമെന്നു തോന്നുന്നു. 1940-ൽ തന്നെ ചർച്ചിൽ ഗവർമ്മെൻറു് കൈക്കൊള്ളേണ്ടിയിരുന്ന നടപടി ഇപ്പോഴെങ്കിലും ആററ്ലിയും അദ്ദേഹത്തിന്റെ ബഹുമാനപ്പെട്ട ഗവർമ്മെൻറും സ്വീകരിച്ചു കാണുന്നതിൽ സന്തോഷിക്കുന്നു. ഇതിലവർ വിജയികളാകുന്നപക്ഷം ബ്രിട്ടന്റെ മാത്രമല്ല ലോകത്തിന്റെ ആകമാനം കൃതജ്ഞതയ്ക്കും അഭിനന്ദനത്തിനും അവർ അർഹരായിരിക്കും.

ക്യാബിനററ് കമ്മിററിയെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പ്രാധാന്യം

അവരെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പ്രാധാന്യവും ഗൗരവവും ആർക്കും ലഘൂകരിക്കത്തക്കതല്ല. അവരിലും അവരെ ഉൾക്കൊള്ളുന്ന ബ്രിട്ടീഷ് ജനതയിലും വെറുപ്പും അവിശ്വാസവും നിറഞ്ഞ ഒരു ജനതയെയാണു് അവർക്കു് അഭിമുഖീകരിക്കേണ്ടിയിരിക്കുന്നതു്.

ബ്രിട്ടനിൽനിന്നുമുള്ള ഏതൊരു വാഗ്ദാനവും ബ്രിട്ടനിൽനിന്നെന്നുള്ള കാരണത്താൽതന്നെ അസ്വീകാര്യമെന്നു മുൻവിധി എഴുതിയേക്കാനാണെളുപ്പം. നിരാശകൊണ്ടു മനസ്സിടിഞ്ഞ ഏതൊരു ജനതയെയുംപോലെ അവരും ഭാവിയുടെ ആശാകിരണങ്ങളെ മറന്നു്, കഴിഞ്ഞുപോയ അനിഷ്ടസംഭവങ്ങളെ ഓർത്തോർത്തു് അയവിറക്കിക്കഴിക്കുന്നു. ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സും പകിസ്ഥാനെന്ന വിഭജന പദ്ധതിയെ മുറുക്കിപ്പിടിച്ചുകൊണ്ടിരിക്കുന്ന മുസ്ലീംലീഗും അന്യോന്യം വിദ്വേഷജനകമായ നിലയിൽതന്നെയാണു് വർത്തിച്ചുവരുന്നതു്. സ്വതന്ത്രനിലയിൽ പകിസ്ഥാൻ ഒരു വിഡ്ഢിത്തമാണെന്നാണു ഞാൻ വിശ്വസിക്കുന്നതു്. ഒരുവശത്തു് സനാതനഹിന്ദുമതത്തിന്റെ പശ്ചാത്തലത്തിൽ ഹരിജനങ്ങളുടെ വിഷമമേറിയ പ്രശ്നം. വേറൊരിടത്തു് ഇൻഡ്യൻ ക്രിസ്ത്യാനികൾ, ആംഗ്ലോ ഇൻഡ്യൻ സമുദായം, സിക്കുകൾ തുടങ്ങിയ ന്യൂനപക്ഷങ്ങളും, ഇതിനും പുറമെ ചക്രവർത്തിയുമായി സന്ധിവ്യവസ്ഥകളുള്ള കുറെ രാജാക്കന്മാർ പരമ്പരാഗതമെങ്കിലും ഇന്നു് യാതൊരു രീതിയിലും ന്യായീകരിക്കാൻ നിവർത്തിയില്ലാത്ത അവരുടെ അവകാശാധികാരങ്ങളെ ഏതുനിലയിലും നിലനിർത്തിക്കൊണ്ടു പോകുന്നതിനു് അവർ ശ്രമിക്കുമെന്നുള്ളതും ശ്രദ്ധേയമാണു്. സർവോപരി ഇൻഡ്യയിലെ വെള്ളക്കാരുടെ താല്പര്യങ്ങൾ. അതിനു് ബ്രിട്ടനിൽതന്നെ ഒരു വലിയ പിൻബലമുള്ളതാണു്. ഇപ്രകാരം ഏററവും വിഭിന്നങ്ങളും വിവിധങ്ങളുമായ താല്പര്യങ്ങളും സംഘങ്ങളുമായിട്ടാണു് മന്ത്രിസഭാകമ്മററി ആലോചനകൾ നടത്തി ഒരു തീരുമാനത്തിലെത്തിച്ചേരേണ്ടതു്. ഒരു കാര്യത്തിൽ ഇൻഡ്യാക്കാരെല്ലാം പരിപൂർണ്ണമായി യോജിക്കുന്നു. ഇൻഡ്യ സ്വതന്ത്രയാവണം. ഡൊമിനിയൻ പദവിയെപ്പററിയുള്ള സംസാരം തന്നെ ഒരു ഭൂതകാല സംഭവമായിട്ടാണു് അവരെല്ലാവരും കണക്കാക്കുന്നതു്.

ബ്രിട്ടീഷ് കോമൺവെൽത്തിനുള്ളിൽ ഒരു സ്ഥാനം ഇൻഡ്യ സ്വീകരിക്കുന്നെങ്കിൽതന്നെ അതു് സ്വന്തകാര്യം തീരുമാനിക്കുന്നതിനു് സ്വാതന്ത്ര്യമുള്ള ഒരു സ്വതന്ത്രരാഷ്ട്രമെന്ന നിലയിൽ മാത്രമായിരിക്കും. പുതിയ ആലോചനകൾ സമാരംഭിക്കുന്നതിനുള്ള അടിസ്ഥാനമായി ഈ സത്യം കമ്മററി അംഗീകരിക്കുന്നില്ലെങ്കിൽ അവർ വീട്ടിൽതന്നെ അടങ്ങിയൊതുങ്ങി ഇരിക്കുന്നതായിരിക്കും ഉത്തമം.

ആലോചനകൾ പൂർണ്ണസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിൽ

ഇൻഡ്യൻ രാഷ്ട്രീയ സ്ഥിതിഗതികളുടെ ഇപ്പോഴത്തെ മനഃശാസ്ത്രം അല്പമെങ്കിലും അറിയാമെങ്കിൽ, പൂർണ്ണസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിലല്ലാതെ മന്ത്രിസഭാകമ്മററിക്കു് ആലോചനയ്ക്കു് ഇടമില്ലെന്നു മനസ്സിലാക്കാം. അടുത്ത പ്രശ്നം ആരൊക്കെയായിട്ടാണു് കൂടിയാലോചന നടത്തേണ്ടതു് എന്നുള്ളതാണു്. അതു പ്രധാനമായി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പുകളുടെ ഫലത്തെയും ഉടൻത

കീഴടങ്ങുക!

(ഒളപ്പമണ്ണ എസ്. നംപൂതിരിപ്പാട്)

അമ്മതൻ ഹൃദയത്തിൽച്ചോരകൊണ്ടെഴുതുന്നു,
കർമ്മധീരരാം മക്കൾ: 'ഞങ്ങളിങ്ങൊരുമിച്ചും'
വ്യോമസൈനികർവിണ്ണിൽനിന്നിതുമേല്ക്കുറിക്കുന്നു:
'വ്യാകുലപ്പെടേണ്ടമ്മേ, ഞങ്ങളുമൊരുമിച്ചും'
നാവികപ്പടയുടെഹൃദ്രക്തംകലർന്നോടി-
യെത്തും തിരചൊല്ലും: 'ഞങ്ങളുമൊരുമിച്ചും'
മാറിനില്ക്കുകനീ സാമ്രാജ്യത്വമേ, വേഗം
ഭാരതംയോജിക്കുന്നു ചങ്ങലപൊട്ടിക്കുവാൻ.
ഉണങ്ങൾകാണുമോ നിന്റെ മരണ'പ്ലേഗ്രൗണ്ട്'ക-
ളുണ്ടയേറവരുണ്ടിട്ടും ദേശഭക്തരിലൂടെ,
നിന്നുടെസിംഹാസനംകുലുക്കംകൊട്ടകാറ്റ-
ങ്ങിനനിൻപീരങ്കികൾവമിക്കുംരൂകച്ചാർത്തിൽ
ഞങ്ങളെയടിക്കുമ്പോൾമുഴക്കെല്ലല്ല,നിന്റെ
ചെങ്കോലാണൊടിയുന്നതെന്നുനീയറിയുന്നു!
ഭാരതം-ആകാശവും,ഭൂമിയും,സമുദ്രവും
ചേരുന്നുനിന്നോടേൽക്കാൻ-കീഴടങ്ങുകയില്ല.

ന്നെ ശരിയായ ജനപ്രതിനിധികളടങ്ങിയ ഒരു ഇൻഡ്യൻ ക്യാബിനററിന്റെ സഹായം നേടുന്ന ശ്രമത്തിൽ വൈസ്രോയിക്കു ലഭിക്കുന്ന വിജയത്തെയും ആശ്രയിച്ചിരിക്കും. പാകിസ്ഥാൻ തത്വം കൂടിയാലോചനകൾ അടിസ്ഥാനമായി അംഗീകരിക്കാത്തിടത്തോളംകാലം താൻ യാതൊരാലോചനയിലും പങ്കുകൊള്ളുന്നതല്ലെന്നുള്ള ജിന്നായുടെ മർക്കടമുഷ്ടി ഒരു വൈഷമ്യമേറിയ പ്രതിബന്ധമാണ്. ഓരോ പ്രശ്നവും സംബന്ധിച്ചു ഓരോ ഒത്തുതീർപ്പ് ചെയ്യുന്നതിനു മുമ്പായി അണിയറകളിൽ നടന്നേക്കാവുന്ന കടിഞ്ഞാൺ വലികളും ഗൂഢപ്രവർത്തനങ്ങളും ആലോചനകൾക്ക് വിഘാതമായിത്തീരാനിടയുണ്ട്. കിംവദന്തികൾ—പ്രത്യേകിച്ചും അടിസ്ഥാനരഹിതങ്ങളായ കിംവദന്തികളും ഊഹാപോഹങ്ങളും — പരത്തുന്നതിനു് ഇൻഡ്യയ്ക്കുള്ള സാമർത്ഥ്യം ഒന്നു വേറെതന്നെയാണ്. അപ്രകാരമുണ്ടാകുന്ന ഓരോ കിംവദന്തിയുടെയും പ്രചരണവേലകളിൽ ഉണ്ടാകുന്ന വികാരതീക്ഷ്ണതയും ശബ്ദകോലാഹലങ്ങളും വിജയത്തിന്റെ മുമ്പിൽ പ്രധാനമായ മറ്റൊരു പ്രതിബന്ധമായിരിക്കും.

പരിഷ്ക്കാരത്തിന്റെ ജാതകം കുറിക്കൽ

ഏതൊരു നിലയിലും നമുക്ക് വിജയം സിദ്ധിക്കണം. ഏതൊരു വിഭാഗത്തിൽപെട്ട ആളായാലുംശരി, ഇതിലുൾപ്പെടുന്ന യാതൊരുത്തനും പരാജയത്തെപ്പററി ചിന്തിക്കാൻപോലും ധൈര്യപ്പെടുമെന്നു തോന്നുന്നില്ല. ബ്രിട്ടന്റെ ഉത്തരവാദിത്വം ഏററവും ഗുരുതരവും ഭീമവുമാണെങ്കിൽ ഇൻഡ്യയിലെ ഓരോ വിഭിന്നകക്ഷിയും, അവരുടെ നേതാക്കന്മാരും, അവരുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വം അതിൽ കൂടുതൽ ഗുരുതരവും ഭീമവുമാണെന്നു മനസ്സിലാക്കണമെന്നാണ് എന്റെ പ്രാർത്ഥന. ഇൻഡ്യൻ നേതാക്കന്മാരും ബ്രി. മന്ത്രിസഭാകമ്മററിയുംകൂടി ഒരു ഭരണഘടന രൂപവൽക്കരിക്കുക മാത്രമല്ല ചെയ്യുന്നതു്. അവർ പരിഷ്ക്കാരത്തിന്റെയും പുരോഗതിയുടെയും ജാതകം കുറിക്കുകയാണെന്നുള്ളതാണ സത്യം. അതുകൊണ്ടു അവർ ഓരോരുത്തരും അവരവരുടെ അവകാശവാദങ്ങളെ ന്യൂനശതമാനവും അംഗീകരിപ്പിക്കുക എന്ന ഏകപക്ഷീയമായ ഉദ്ദേശത്തെ വെടിഞ്ഞു ഒരു ന്യായമായ ഒത്തുതീർപ്പിൽ എത്തിച്ചേരണമെന്നുള്ള ദൃഢവും തീക്ഷ്ണവുമായ ആദർശത്താലും ആഗ്രഹത്താലും പ്രചോദിതരായി ഈ ആലോചനകളിൽ പങ്കുകൊള്ളേണ്ടിയിരിക്കുന്നു.

മി. ജിന്നായും മുസ്ലീംലീഗിനോടുമാത്രമല്ല ഉത്തരവാദിത്വം, അദ്ദേഹം ഇൻഡ്യൻ ജനതയോടാകമാനം ഉത്തരവാദിത്വപ്പെട്ടവനാണ്. അതുപോലെതന്നെ ബ്രിട്ടീഷ് മന്ത്രിസഭാകമ്മിററിയംഗങ്ങളും, മി. ഗാന്ധിയും, മി. ആസാദും, മി. നെഹ്റുവും, മി. അംബദക്കറും അവരുടെ അവകാശവാദങ്ങൾ ഒരു വിശാലമായ രാഷ്ട്രീയ പശ്ചാത്തലത്തിൽനിന്നു വീക്ഷിക്കുന്നതിനു അവർക്കോരോരുത്തർക്കും സാധിക്കുന്നില്ലെങ്കിൽ അവർ പരിഷ്ക്കാരത്തെയും പുരോഗതിയെ തന്നെയും ഒററിക്കൊടുക്കുമെന്നുള്ള നിലയാണ വന്നുചേർന്നിരിക്കുന്നതു്.

ലോകത്തിലെ സകല രാഷ്ട്രങ്ങളുടെയും ഭാവി—സമാധാനത്തെയോ യുദ്ധത്തെയോ സംബന്ധിച്ചുള്ളതു് യോജിപ്പിനുവേണ്ടിയുള്ള പൊതു തത്വങ്ങളെ കണ്ടുപിടിക്കുന്നതിലുള്ള കഴിവിലും അതിന്റെ വിജയത്തിലുമാണ് സ്ഥിതിചെയ്യുന്നതു്. വിജയകരമായ ഒരു തീരുമാനം മദ്ധ്യപൂർവദേശത്തെ സകല ഉരസലിനെയും ശാന്തമാക്കും. മെഡിററേനിയൻ പ്രശ്നങ്ങളുടെ പരിഹാരപ്പെട്ട താനെ [illegible]മാകും. രണ്ടാം ലോകമഹായുദ്ധത്തിൽ

ചെറുകഥ

നാണമില്ലല്ലോ!

(മുട്ടത്തു വർക്കി ബി. എ.)

"അങ്ങോട്ടുമാറിനില്ക്കണം ഹേയ്, ഉം! സ്ത്രീകൾ എല്ലാം കേറിക്കഴിഞ്ഞിട്ടു കേറിയാൽ മതി. എടോ തന്നോടല്ലേ പറഞ്ഞതു് അങ്ങോട്ടു മാറാൻ"—ബസ്സിന്റെ ഉമ്മറപ്പടിയിൽ കാലുകുത്തി ഞെളിഞ്ഞുകുനിഞ്ഞു നിന്ന ആ ചെറുപ്പക്കാരന്റെ പിടലിയിൽ കണ്ടക്ടരുടെ കൈയ് ഒരു ബലപരീക്ഷണം നടത്തി. ഒരു മാന്യന്റെ കുടക്കമ്പിയിൽ കുരുങ്ങിയ നേരിയതു വലിച്ചൂരിക്കൊണ്ടു് ആ പരാജിതൻ പിറകോട്ടുമാറി. പാവം! അയാളുടെ മുഖത്തെ ഇളിഭ്യഭാവം! അലംഘനീയമായ നിയമം മൂർത്തിമത്തായതുപോലെ ബസ്സിന്റെ കവാടത്തിൽ വിലങ്ങടിച്ചുനിൽക്കുന്ന കണ്ടക്ടരും തന്നെപ്പോലെ ഒരു മനുഷ്യനായിരുന്നെങ്കിൽ "കാണിച്ചുകൊടുക്കാം"മായിരുന്നുവെന്ന തോന്നും അയാളുടെ നില്പും നോട്ടവും കണ്ടാൽ.

പുരുഷന്മാർ അല്പമൊന്നു് വഴങ്ങിക്കൊടുത്തു. സ്ത്രീകൾ ബസ്സിനുള്ളിലേക്കു് ഉന്തിക്കയറി. മിക്ക സ്ത്രീകളുടെയും കയ്യിൽ ഒഴിയാബാധപോലെ ഓരോ കുഞ്ഞുങ്ങൾകൂടിയുണ്ടായിരുന്നു. അവറ്റകളുടെ കരച്ചിലാണു് അസഹ്യം! പ്രാരാബ്ധക്കാരായ ആ തള്ളമാരുടെ പീഡാനുഭവങ്ങൾ -കണ്ടിട്ടും എന്തോ—ഒന്നുരണ്ടു ചെറുപ്പക്കാരികൾ—കോളേജ് വിദ്യാർത്ഥിനികളാണെന്നു തോന്നുന്നു—ചിരിക്കുകയാണു നിന്നു്. ആ ഭാഗ്യവതികൾ പ്രസവിക്കയില്ലെന്നായിരിക്കാം ഭാവം!

സ്ത്രീകളെല്ലാം കയറിക്കഴിഞ്ഞപ്പോൾ ആണുങ്ങളുടെ ഒരു ബലാബല പരീക്ഷണമാണുണ്ടായതു്. മൂന്നുപേർക്കു കഷ്ടിച്ചിരിക്കാവുന്ന സീറ്റിൽ

സിരാമണ്ഡലം തകർന്നു അവശയായി-നിരാശ്രയയായി കിടക്കുന്ന യൂറോപ്പിന്റെ രക്ഷയ്ക്കുവേണ്ട ശുശ്രൂഷകൾ ചെയ്യുന്നതിനു എല്ലാവർക്കും അവസരം ലഭിക്കും. സർവോപരി ഇപ്പോൾ ദുഷിച്ച സാമ്രാജ്യപ്രഭുത്വത്തിന്റെ ശവക്കുഴി തോണ്ടുന്ന ഏകകൃത്യത്തിൽ ബദ്ധശ്രദ്ധമായിരിക്കുന്ന ഇൻഡ്യൻ രാജ്യതന്ത്രജ്ഞത, ഇൻഡ്യയുടെയും ലോകത്തിന്റെയും പുരോഗതിക്കു നേരിട്ടു് ഉപയോഗപ്പെടും. ഇൻഡ്യയ്ക്കു ഏറ്റവും വലിയ ശാപമായ ദാരിദ്ര്യത്തെ- വിജയകരമായി നേരിടുന്നതിനു ഇൻഡ്യാക്കാരുടെ ശ്രദ്ധ കേന്ദ്രീകരിക്കാൻ അവർക്കു കഴിവുണ്ടാകുകയും ചെയ്യും.

ഇന്നേക്കു് 20 വർഷംമുമ്പാണു് യാദൃച്ഛികമായിട്ടാണെങ്കിലും, അമൃത്സ്സർ മാനനഷ്ടക്കേസ്സിലെ ഇംഗ്ലീഷ് ജൂറികളിൽ ഒരാളായി സ്ഥാനംപിടിക്കുന്നതിനു എനിക്കിടയായതു്. യാതൊരു രാഷ്ട്രവും മറ്റൊരു രാഷ്ട്രത്തെ ഭരിക്കുന്നതിനു പര്യാപ്തമല്ലെന്നുള്ള മഹദ്വാക്യം അന്നു ഞാൻ നേരിട്ടു മനസ്സിലാക്കി. അന്നുമുതൽ ഞാൻ ഇൻഡ്യൻ സ്വാതന്ത്ര്യവാദത്തിനു പൂർണ്ണാനുകൂലിയാണു്. പൂർണ്ണ സൗമനസ്യത്തോടും വിശാലവീക്ഷണത്തോടുംകൂടി, ബ്രിട്ടനും സ്വതന്ത്രയായ ഇൻഡ്യയും കൂടി ഒരു സന്ധിയിലെത്തിച്ചേരാൻ സാധിക്കുന്ന പക്ഷം ആ നേട്ടം, നമ്മുടെ സംസ്കാരത്തെയും പുരോഗതിയെയും ഗ്രസിച്ചിരിക്കുന്ന ഭയങ്കരമായ കൂരിരുട്ടിനെ പാടെ നിർമ്മാർജ്ജനം ചെയ്തു് നമുക്കു് ആശയുടെ കിരണങ്ങൾ കാട്ടിത്തരും. അന്നുമുതൽ നാം ഏതൊരു മഹൽ തത്വത്തിനുവേണ്ടി സകലതും ത്യജിച്ചു രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കുകൊണ്ടു് വിജയം വരിച്ചുവോ, ആ തത്വത്തിനുവേണ്ടി ആ വിജയത്തെ ഉപയോഗപ്പെടുത്താൻ തുടങ്ങേണ്ടതായി കണക്കാക്കാവുന്നതാണു്. രാഷ്ട്രങ്ങളുടെ അർത്ഥശൂന്യമായ അന്തസ്സല്ല ഇതിലുൾക്കൊള്ളുന്നതു്. ശാരീരികശക്തിയുടെ മൃഗീയമായ പ്രയോഗം ഒന്നുകൊണ്ടുമാത്രമേ പരിഹാരം കണ്ടുപിടിക്കാൻ സാധിക്കൂ എന്നു പരക്കെ വിശ്വസിച്ചുപോരുന്ന കാര്യങ്ങൾ വിശാലവീക്ഷണചാതുര്യവും സൗമനസ്യവുമുള്ള രാജ്യതന്ത്രജ്ഞതയ്ക്കു ആത്മാഭിമാനത്തോടുകൂടി വിജയകരമായി തരണം ചെയ്യാൻ സാധിക്കും. മി. ആറ്റ്ലിയുടെ ഗവർമ്മെന്റു നിശ്ചയമായും സ്തുത്യർഹമായ ഒരടി തന്നെ മുമ്പോട്ടു വച്ചിരിക്കുന്നു. സമുചിതമായ ക്ഷമയും ധീരതയും ഇൻഡ്യൻ ജനനേതാക്കളിലും അവർക്കു കാണാൻ കഴിയും. ഇൻഡ്യയും ബ്രിട്ടനുമായുള്ള ബന്ധം അഴുക്കിലും ഇരുട്ടിലും മുട്ടുവാൻ തുടങ്ങിയിട്ടു് തലമുറയിൽ കൂടുതലായി. ഈ അന്ധകാരം മായിച്ചു് പ്രഭാതത്തിന്റെ ആശാകിരണങ്ങൾ ദൃശ്യമാകുന്നതിനു-ഈ മഹാപ്രശ്നങ്ങളുടെ പോംവഴി കണ്ടുപിടിക്കുന്നതിനു—ചുമതലപ്പെട്ടവർക്കു വേണ്ടശക്തിയും ബുദ്ധിവൈഭവവും ഉണ്ടാകട്ടെ എന്നു ഞാൻ ഉള്ളഴിഞ്ഞു അനുഗ്രഹിക്കുന്നു.

(വിവർത്തകൻ എൻ. രാഘവക്കുറുപ്പ്)

—0—

ഞങ്ങൾ നാലുപേർ ഞെങ്ങിക്കൂടി.

'ആ റാസ്കൽ എന്റെ കാലു ചവിട്ടിഞെരിച്ചല്ലോ,' യുവതികളിൽ ഒരാൾ കോപിച്ചു. ഏതു റാസ്കലാണു ചവിട്ടിയതു്, ആവോ! ഞാനല്ലെന്നു തീർച്ച. ഏതായാലും അഭ്യാസമുറകൾ പഠിച്ചവർക്കു സീറ്റുകിട്ടി. ശേഷിച്ചവർ നടുക്കമ്പിയിൽ നരിച്ചീറുകളെപ്പോലെ തൂങ്ങിനിന്നു.

'മുത്തശ്ശീ, ബസ്സിൽ സ്ഥലമൊട്ടുമില്ല,' കണ്ടക്ടരുടെ സ്വരമാണതു്. 'എങ്ങനെ കൊണ്ടുപോകാനാ പറേന്നതു്. എനിക്കു വിരോധമില്ല; കേറാമെങ്കിൽ കേറിക്കോ.'

ഒരു യുവതിയും കിഴവിയുംകൂടി ബസ്സിനുള്ളിലേക്കു തള്ളിക്കയറിവന്നു. കിഴവി എന്നു പറഞ്ഞാൽ എഴുപതെങ്കിലും വയസ്സുകാണും. മകളാണെന്നു തോന്നുന്ന യുവതിക്കു് ഇരുപതു വയസ്സിൽ കുറവില്ല. ലക്ഷണംകൊണ്ടു് അവർ രണ്ടും തീരെ താണനിലയിലുള്ളവരെന്നു സ്പഷ്ടം. പുറകിലെ സീറ്റിലിരുന്ന മഹിളകൾ ആ യുവതിക്കു് ഇരിക്കാൻ ഇടംകൊടുത്തു. കൊടുങ്കാറ്റിൽപെട്ട ഞാങ്ങണപോലെ ഒരു തള്ളലിന്റെ ശക്തിയിൽ വൃദ്ധ എന്റെ മടിയിലേക്കു മറിഞ്ഞു.

'എന്റെ മോനേ, ഞാനിവിടെങ്ങാനൊന്നിരുന്നോട്ടെ.' വൃദ്ധ യാചിച്ചു. വളരെ പാടുപെട്ടു സമ്പാദിച്ച സീറ്റു വിട്ടുകൊടുക്കുവാനുള്ള മഹാമനസ്കത എനിക്കു തോന്നിയില്ല. എങ്കിലും ആ വൃദ്ധയുടെ പരവശമായ നില്പും ഭാവവും കണ്ടപ്പോൾ ഞാനെണീറ്റു് അവർക്കു സീറ്റു ദാനംചെയ്തു, കമ്പിയെ ശരണംപ്രാപിച്ചു.

'മോനെങ്ങോട്ടു പോവാനാ?'—വൃദ്ധ ചോദിച്ചു.

'കുറച്ചു തെക്കുവരെ പോണം—വല്യമ്മ എങ്ങോട്ടു?'

'ഞങ്ങക്കു് മുട്ടമൂലക്കെറങ്ങണം കുഞ്ഞേ'!

'മുട്ടമൂലയെവിടെ?'

'പേഷ്കാരദ്ദേഹത്തിന്റെ പറമ്പിലാ. മോനറിയോലേ? പിള്ളേരുടെ അച്ചായൻ മരിച്ചിട്ടു് പതിനഞ്ചായി കൊല്ലം. അന്നു ചേച്ചമ്മ ആറു വയസ്സിലാ നടന്നെ. അന്നു കൊറെ കെട്ടുപ്പാടമൊക്കെ ഉണ്ടാരുന്നതാ—എല്ലാം പോയി മോനേ. എന്താ പറയാനാ—കാക്കക്കൊട്ടും പരുന്തുംകേളും നീക്കി നാഴി ഉരിപോലെതന്നെ മൂന്നു പിള്ളേരെ ഞാൻ വളർത്തികൊണ്ടു വന്ന പാടോർത്താൽ......'

വൃദ്ധ ഇടയ്ക്കു വിരമിച്ചു നെടുവീർപ്പിട്ടു.

'മകളാണോ കൂടെവന്നതു്?' ഞാൻ ചോദിച്ചു

'ഉള്ളേല്ലം ഏളേതാ അവളു്, ചേച്ചമ്മ'.

'മകളെ ഇവിടെവിടാ കെട്ടി.......' ബസ്സ് ഒന്നു് ഇളകിമുരളി; യാത്രക്കാരെല്ലാം ഒന്നു കുലുങ്ങി ഒതുങ്ങി.

'എല്ലാരും ടിക്കറ്റിനു ചക്രം എടുത്തോണ്ടോട്ടെ,' കണ്ടക്ടർ കല്പിച്ചു. നാണയങ്ങളുമായി അനേകം കൈകൾ അദ്ദേഹത്തിന്റെ നേർക്കു നീണ്ടു.

കിഴവി മടിയിൽനിന്നു് ഒരു കടലാസ് പൊതിയെടുത്തു് അഴിച്ചു് ഒരു രൂപാ കണ്ടക്ടരുടെ നേർക്കു നീട്ടി.

'സാറേ, രണ്ടു ഡിക്കറ്റു മുട്ടമൂലയ്ക്കു്'.

'ആരാ രണ്ടുപേരു്?'

'ഞാനൊന്നു് ചേച്ചമ്മയൊന്നു്'.

'ചേച്ചമ്മേം കീച്ചമ്മേം, ആളെവിടെ?'

വൃദ്ധ പുറകോട്ടു തിരിഞ്ഞു്, 'എടീ പെണ്ണേ, ചേച്ചമ്മേ, തേ സാറു വിളിക്കുന്നു'—അടുത്തിരുന്ന യുവതികൾക്കു ചിരിവന്നു. ചേച്ചമ്മയുടെ മുഖത്തു ലജ്ജയും സങ്കടവും നിഴലിച്ചു. കണ്ടക്ടർക്കുപോലും ഒരു പുഞ്ചിരിയുണ്ടായി.

'ഇതൊക്കെ ഏതു കാട്ടീന്നു വരുന്നപ്പാ'-അയാൾ രൂപാ വാങ്ങി ടിക്കറ്റും ബാക്കി പണവും തിരിച്ചുകൊടുത്തു.

ബസ്സ് നീങ്ങി. കല്ലും മറ്റും ചാക്കിലാക്കി കുലുക്കി ഒഴുക്കുന്നപോലെ ആ വാഹനത്തിന്റെ ദ്രുതചലനത്തിൽ നില്പുകാർ പ്രത്യേകിച്ചു് ഒന്നാടി ഉലഞ്ഞു് കുലുക്കി ഒതുങ്ങി ഭദ്രമായി നിന്നു. ആ പുനസ്സംവിധാന വേളയിൽ അടുത്തു നിന്ന ഒരു തടിയന്റെ ഉരം എന്റെ പള്ളയ്ക്കു് ഒന്നുരസ്സുകയുണ്ടായി. എന്തുചെയ്യാനാണു്, സഹിക്കുകയേ നിവൃത്തിയുള്ളു.

ചിങ്ങവനത്തു് ഒന്നുരണ്ടു പേരെ ഇറക്കുവാൻ ബസ്സ് രണ്ടുമിനിട്ടുനേരം നിന്നു. കിഴവിയുടെ മകൾ വിങ്ങിക്കരയുന്നതുപോലെ തോന്നി.

'എന്താ മകളിങ്ങനെ ദുഃഖിച്ചിരിക്കുന്നതു്?' ഞാൻ ചോദിച്ചു.

'എന്റെ കുഞ്ഞേ ഒരു കഷ്ടകാലമൊക്കെ വെണത്തു്'. വൃദ്ധ പറഞ്ഞു 'എന്തിനു പറേന്നു. അവൾക്കു് ഇരുപതാമത്തെ വയസ്സിൽ കൈരഹപ്പിഴയാണെന്നു് ഒരു കൈനോട്ടക്കാരൻ പറഞ്ഞതൊത്തു.' എൻജിൻ മുരളി; ചക്രങ്ങൾ ഇളകി; ബസ്സ് നീങ്ങി. ആ വൃദ്ധ സ്വഗതമായി വീണ്ടും എന്തോ പറഞ്ഞുകൊണ്ടിരുന്നു. എനിക്കു കേൾക്കുവാൻ കഴിഞ്ഞില്ല. ശോകാത്മകമായ ഒരു നാടകം അഭിനയിക്കുന്ന പ്രധാന നടികളാണു് ആ മാതാവും മകളും എന്നു ഞാൻ ഊഹിച്ചു.

മുട്ടമൂലയ്ക്കു്, ബസ്സ് നിറുത്തി. തള്ളയും മകളും അവിടിറങ്ങി. അവർ നടന്നുപോകുന്നതു നോക്കി ഞാൻ എന്റെ പഴയ സീറ്റിൽ ഇരുന്നു. ആ യുവതി ഒരു ഗർഭിണിയാണെന്നു ദേഹപ്രകൃതിയിൽനിന്നു ഗ്രഹിക്കാം. അവൾ ഭർത്താവുമായി വ

ല്ല കാരണവശാലും പിണങ്ങിപ്പോരുകയായിരിക്കുമോ. അഥവാ അവൾക്കു വേണ്ടപ്പെട്ടവർ വല്ലവരും സുഖക്കേടായി കിടപ്പുണ്ടായിരിക്കാം. അമ്മയും മകളുംകൂടി ഒരു ഇടവഴിയിൽക്കൂടെ നടന്നു ദൃഷ്ടിയിൽനിന്നു മറഞ്ഞു.

ബസ്സ് വീണ്ടും നീങ്ങി. എനിക്കിറങ്ങേണ്ട സ്ഥലത്തു ഞാനിറങ്ങി. പ്രവേശനംപോലെ ദുഷ്കരമായിരുന്നില്ല നിർഗ്ഗമനം. എങ്കിലും ഒരു ചെറിയ തള്ളൽ അവിടെയും അനുഭവപ്പെട്ടു. ഞാൻ കുറച്ചൊന്നു ക്ഷമിച്ചുനിന്നു. മിക്കവാറും യാത്രക്കാർ ഇറങ്ങിക്കഴിഞ്ഞു. എന്റെ കാലിൽ എന്തോ തടഞ്ഞു. അതു് ഒരു കടലാസ് പൊതിയായിരുന്നു. അതെടുക്കുവാൻ ആളുണ്ടായില്ല. ഞാൻ പൊതി കൈയിലെടുത്തു. ആ വൃദ്ധയുടെ കൈയിലിരുന്ന കടലാസ് കെട്ടാണതു്; സംശയമില്ല. അവകാശക്കാർ ആരുമില്ലെന്നു് ബോദ്ധ്യമായപ്പോൾ ഞാൻ ബസ്സിൽനിന്നിറങ്ങി. പൊതി ഒന്നഴിച്ചു നോക്കണമെന്നൊരു ജിജ്ഞാസ. പാവം! കിഴവിയുടെ മടിയിൽനിന്നു് അതു വഴുതി താഴെ വീണതായിരിക്കണം.

ഞാൻ ഒരു ഹോട്ടലിൽ കയറി. ആൾബഹളമില്ലാത്ത കോണിൽ ഒരു ബെഞ്ചിൽ പോയിരുന്നു പൊതി അഴിച്ചു.

'ചായയോ കാപ്പിയോ സാർ.'

'ചായ'.

'പലഹാരം എന്താ വേണ്ടതു്?'

'ഒന്നും വേണ്ട'. ഹോട്ടൽ പയ്യൻ ആദരപൂർവ്വം എന്റെ ആജ്ഞയെ അനുസരിച്ചു. പൊതിയിലെ ഉള്ളടക്കം ഞാൻ സകൗതുകം പരിശോധിച്ചു. രണ്ടുനാലണത്തുട്ട്; ഒരുണ്ടനൂല്; ഒരുസൂചി; രണ്ടു ഹെയർപിൻ, ഒരു സ്ലൈഡ്; വേറൊരു ചെറിയ പൊതി; അതിൽ മൂന്നു് അഞ്ചു് രൂപാ നോട്ട്; ഒരു ചെറിയ കടലാസ് തുണ്ട്. പെൻസിൽകൊണ്ടു് അതിൽ ഇപ്രകാരം എഴുതിയിരുന്നു.

'ഗൗരിക്കുട്ടി,
ചാലിപ്പുറമ്പിൽവീട്,
നാകമ്പടം, കോട്ടയം'

ഒരു പുരാണവസ്തു ഗവേഷകന്റെ കൗതുകത്തോടുകൂടി ആ സാധനങ്ങളെ ഞാൻ നിരൂപണംചെയ്തുനോക്കി. പൊതി ചേച്ചമ്മയുടെ വകയായിരിക്കാം. കോട്ടയത്തു നാഗമ്പടം ഭാഗത്തായിരിക്കണം അവളെ കെട്ടിച്ചയച്ചിരിക്കുന്നതു്. മേൽവിലാസത്തിൽ കാണുന്ന 'ഗൗരിക്കുട്ടി' അവളുടെ ഒരുറ്റ സഖിയായിരിക്കാം. കൂട്ടുകാരി ആദ്യപ്രസവത്തിന് സ്വഗൃഹത്തിലേക്കു പോരുന്ന വേളയിൽ 'എനിക്കെഴുത്തയയ്ക്കാൻ മറക്കരുതെ' എന്ന അപേക്ഷയോടുകൂടി ആ കടലാസ് തുണ്ടു് അവളെ ഏല്പിച്ചതാവാം. യാത്രയ്ക്കൊരുങ്ങിയപ്പോൾ ആ പൊതി അമ്മയെ ഏല്പിച്ചതാണു്. ഒരു കാര്യം നിശ്ചയം. അവിചാരിതമായ ധനനഷ്ടത്തിൽ ആ സാധുവൃദ്ധയും മകളും നെഞ്ചുരുകി സങ്കടപ്പെടുന്നുണ്ടു്.

ആ പൊതി എത്രയുംവേഗം ഉടമസ്ഥരെ ഏല്പിക്കണമെന്നു ഞാൻ വിചാരിച്ചു. എന്റെ ഉള്ളിലെ നീചമായ ആശ ഉടനെ തലപൊക്കി എന്നോടിങ്ങനെ മന്ത്രിച്ചു. 'കിട്ടിയതല്ലേ ഇരിക്കട്ടെ; നീതിയും സത്യവുംകൊണ്ടു് ഇന്നത്തെ ലോകത്തിൽ യാതൊരു പ്രയോജനവുമില്ല.' ആശ എന്റെ കണ്ണുകളെ അടുത്ത ജവുളിക്കടയിൽ തൂക്കിയിട്ടിരിക്കുന്ന ഒരു കസവുനേരിയതിന്റെ നേർക്കു തിരിച്ചു. ഹൃദയത്തിന്റെ കോണിൽനിന്നു് 'സ്നേഹം' വിളിച്ചുപറഞ്ഞു് "വിധവയുടെ കാശാണു്, തൊടരുതു്; ദരിദ്രരുടെ കണ്ണുനീർത്തുള്ളികൾ സാഗരങ്ങളെക്കാൾ അഗാധങ്ങളാണു്. അശരണരുടെ നെടുവീർപ്പുകൾ കൊടുങ്കാറ്റുകളെക്കാൾ ശക്തങ്ങളാണു്." ഒരധികാരിയെപ്പോലെ ആ മൃദുലവികാരം എന്റെ ഹൃദയത്തെ ആ വൃദ്ധയുടെ പാവപ്പെട്ട വീട്ടിലേക്കു് കൂട്ടിക്കൊണ്ടുപോയി. അവരുടെ ചുളിവീണ കവിളുകളിൽ അശ്രുബിന്ദുക്കൾ ഇറ്റിറ്റുനിൽക്കുന്നതായും, ഗർഭിണിയായ യുവതി വിഷാദഭരിതമായ മുഖവും കുനിച്ചു നെടുവീർപ്പിട്ടുകൊണ്ടിരിക്കുന്നതായും എനിക്കു തോന്നി.

ഞാൻ വേഗം നടന്നു. അണയാൻപോകുന്ന ദീപംപോലെ അന്തിക്കതിരവൻ പടിഞ്ഞാറെ ആകാശത്തിൽ പ്രകാശിച്ചുനിന്നു. ആ ജ്യോതിസ്സിനു് ജീവനും ഹൃദയവുമുണ്ടെന്നു് എനിക്കു തോന്നി. ആ കർമ്മസാക്ഷി എന്നെ സാകൂതമായി നോക്കുകയാണു്. എനിക്കു ഭയമായി. ഞാൻ മന്ത്രിച്ചു. "പ്രഭോ! അടുത്ത പ്രഭാതത്തിൽ അങ്ങു കിഴക്കേ മലമുകളിൽക്കൂടെ എഴുന്നെള്ളുമ്പോൾ അങ്ങയുടെ സന്നിധാനത്തിൽവച്ചു് ഈ പണം ഞാൻ ഉടമസ്ഥരെ ഏൽപ്പിച്ചുകൊള്ളാം,,

ഞാൻ വീട്ടിലെത്തുന്നതിനു മുമ്പുതന്നെ അന്തിച്ചെമപ്പു് അല്ലിൽ അലിഞ്ഞുചേർന്നിരുന്നു. കടലാസ്പൊതി ഞാൻ അലമാരിയിൽ വച്ചു. ഭാര്യ അടുക്കളയിൽ റാണിയായി വാഴുകയായിരുന്നു.

"കുളിക്കുന്നില്ലേ" അവൾ ചോദിച്ചു.

"വരുന്നു, ഞാൻ ഉടനെ വരാം; അരമണിക്കൂറിനകം" തനതാവശ്യം പ്രമാണിച്ചു് എനിക്കു അടുത്തൊരിടത്തു പോകേണ്ടതുണ്ടായിരുന്നു.

(ശേഷം 17-ാം പേജിൽ)

കലാവീഥി

നാടകവാർത്തകൾ

[വിഹാരി]

ഇന്നത്തെ മലയാള നാടകവേദിയിലെ 'സ്തംഭനാവസ്ഥയ്ക്കു' പരിഹാരമായി അമേച്ച്വർ നാടകസമിതികളും ജനകീയ നടനകലാപ്രസ്ഥാനത്തിന്റെ ശാഖകളും കേരളത്തിന്റെ നാനാഭാഗത്തും സൃഷ്ടിക്കേണ്ടതാണെന്നു കഴിഞ്ഞ തവണ ഞാനെഴുതിയിരുന്നുവല്ലോ. അഭ്യസ്തവിദ്യരും കലാതല്പരരും ആയ യുവതീയുവാക്കന്മാരും നമ്മുടെ നാടകവേദിയുടെ നവോത്ഥാനത്തിൽ താല്പര്യമുള്ള എഴുത്തുകാരും മുൻകയ്യെടുത്തു പ്രവർത്തിക്കുകയാണെങ്കിൽ ഈ കാര്യം നമുക്കു എത്രയും വേഗത്തിൽ സാധിക്കാവുന്നതാണ്. കേരളത്തിനു പുറത്തുള്ള ഇന്ത്യയിലെ മറ്റു നാടകവേദികളിൽ ഒരു രണ്ടു കൊല്ലത്തിനിപ്പുറമായി ഉണ്ടായിട്ടുള്ള പരിവർത്തനത്തെക്കുറിച്ചു ഈയവസരത്തിൽ ആലോചിക്കുന്നതു രസകരമായിരിക്കും.

ബലരാജ് സാഹ്നിയുടെ റിപ്പോർട്ട്

ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ സംഘടനയുടെ ജനറൽ സെക്രട്ടറിയാണ് ബലരാജ് സാഹ്നി. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇംഗ്ലണ്ടിൽ ബി. ബി. സി.–യിലെ ഇന്ത്യൻ ഭാഷാവിഭാഗത്തിലെ ഒരുദ്യോഗസ്ഥനായിരുന്ന സാഹ്നി ഒരു പ്രസിദ്ധ നടനും ഡയറക്ടരുമാണ്. ഇംഗ്ലണ്ടിലെ നാടകവേദിയിൽ വന്നുകൊണ്ടിരിക്കുന്ന ആശയപരവും സാങ്കേതികവുമായ പരിവർത്തനങ്ങളെ സൂക്ഷ്മമായി പഠിച്ചതിനുശേഷം അദ്ദേഹം ഇംഗ്ലീഷ് തിയേറ്ററിനെപ്പറ്റി ഒരു ലേഖനപരമ്പരയെഴുതിയിട്ടുണ്ട്. യുദ്ധം തുടങ്ങിയതിനുശേഷം ഇന്ത്യയിലെത്തിയ സാഹ്നി ഐ. പി. ടി. എ.–യുടെ പൊതുകാര്യദർശിസ്ഥാനം സ്വീകരിച്ചു. ഐ. പി. ടി. എ.-യുടെ കഴിഞ്ഞ രണ്ടുകൊല്ലത്തെ പ്രവർത്തനങ്ങളേയും നേട്ടങ്ങളേയും കാണിക്കുന്ന ഒരു ലേഖനം ഈയിടെ അദ്ദേഹം 'പീപ്പിൾസ് ഏയിജി'ൽ എഴുതുകയുണ്ടായി. അതിൽ ആകെ കഴിഞ്ഞ വർഷത്തിൽ ഇന്ത്യയിലൊട്ടാകെയായി പീപ്പിൾസ് തിയേറ്ററിന്റെ ശാഖകൾ അമ്പതോളം നാടകങ്ങളും പ്രഹസനങ്ങളും പുതിയതായി സൃഷ്ടിച്ചഭിനയിച്ചിട്ടുണ്ടു എന്നു പറഞ്ഞിരിക്കുന്നു. ഇരുപതുലക്ഷം വരുന്ന ഒരു ജനവിഭാഗം ഇവയെ കണ്ടു് ആസ്വദിച്ചിട്ടുണ്ട്. ബോമ്പയിലെ പീപ്പിൾസ് തിയേറ്റർ ശാഖയാണ് ഈ പ്രവർത്തനങ്ങളിൽ മുന്നിട്ടു നിൽക്കുന്നതു്. ആദ്യമായി അവർ അഭിനയിച്ചതു "നാലു സഖാക്കൾ" (Four Comrades) "ചൈന ഗർജ്ജിക്കുന്നു" (Roar China) എന്ന രണ്ടു ഇംഗ്ലീഷ് നാടകങ്ങളാണ്. ഈ നാടകങ്ങൾ ഹിന്ദിയിലേക്ക് പരിവർത്തനം ചെയ്തു ബോമ്പയിലെ എല്ലാ വാർഡുകളിലും തൊഴിലാളി കേന്ദ്രങ്ങളിലും പല പ്രാവശ്യം അഭിനയിക്കുകയുണ്ടായി. പിന്നീടു കെ. എ. അബ്ബാസെഴുതിയ 'യെ അമൃത് ഹൈ' ('ഇതു് അമൃതാണ്') "സുബൈയ്ദാ" എന്നീ ഹിന്ദി നാടകങ്ങളാണ് ബോമ്പെ ഐ. പി. ടി. എ. രംഗത്തു കൊണ്ടുവന്നതു്. പ്രസിദ്ധ ഉർദു പുരോഗമനസാഹിത്യകാരനായ അലി സർദാർ ജാഫ്രിയുടെ 'യെ കിസ്കാ ഖൂൻ ഹൈ' (ഇതാരുടെ രക്തം?) എന്ന ഹിന്ദി നാടകവും, ഗുജറാത്തി നാടകകൃത്തായ സി. സി. മേത്തയുടെ "ജനങ്ങളെ" എന്ന നാടകവും പിന്നീടു വളരെ വിജയപ്രദമായ രീതിയിൽ ബോമ്പയിലും അഹമ്മദ്ബാദിലും അഭിനയിക്കപ്പെട്ടു. ബംഗാളിലാവട്ടെ ബിജോയ് ഭട്ടാചാര്യയുടെ "അന്തിം അഭിലാഷ്" (അവസാന ആഗ്രഹം) ജ്യോതി ബാസുവിന്റെ "നവാന്ന" (പുതിയ കൊയ്ത്തു്) എന്നീ നാടകങ്ങൾ പലഭാഗത്തും അഭിനയിക്കപ്പെട്ടു. വംഗീയ നാടകവേദിയുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം സൃഷ്ടിച്ച ഒന്നാണ് "നവാന്ന." ഭയാനകമായ ക്ഷാമത്താൽ ആക്രമിക്കപ്പെട്ട ബംഗാളിലെ സുന്ദരമായ ഗ്രാമജീവിതത്തിന്റെ ദയനീയ രോദനങ്ങളാണ് 'നവാന്ന'യിൽ കൂടി ലോകം കേട്ടതു്. 'മുൻഡാർഗു' (Mundargu) എന്ന തെലുങ്കു നാടകമാണു് ആന്ധ്രദേശത്തു് ഐ. പി. ടി. എ. സൃഷ്ടിച്ചതു്.

പുതിയ സാങ്കേതിക രീതികൾ

ബോമ്പയിൽ ഐ. പി. ടി. എ.-യെ കൂടാതെ മറ്റു പല അമേച്ച്വർ നാടകസമിതികളുമുണ്ട്. 'തിയേറ്റർ ഗ്രൂപ്പ്' (Theatre Group) 'നാഷണൽ തിയേറ്റേഴ്സ്' (The National Theatres) എന്നിവയാണ് അവയിൽ പ്രധാനമായവ. ഒരുമാസം മുമ്പ് 'തിയേറ്റർ ഗ്രൂപ്പുകാർ' ബോമ്പയിലെ സെന്റ് സേവിയേഴ്സ് കോളജ് ഹോളിൽവച്ചു 'ഒഥെല്ലോ' അഭിനയിക്കുകയുണ്ടായി. ഇതുവരെ നമ്മുടെ നാടകവേദിയിൽ പ്രയോഗിച്ചു കണ്ടിട്ടില്ലാത്ത ഒരു പുതിയ സാങ്കേതിക രീതിയിലാണ് അവർ 'ഒഥെല്ലോ' അഭി

നയിച്ചത്. ഒരു നാടകത്തിന്റെ കഥാഘടന ആന്റി ക്ലൈമാക്സിൽ (Anti-climax) നിന്നു ഉത്ഭവിച്ച ക്ലൈമാക്സിൽ (ഉച്ചാവസ്ഥ) അവസാനിക്കുകയെന്നതാണ് നാടകവേദിയിൽ പരക്കെ അംഗീകരിക്കപ്പെടാവുന്ന ഒരു തത്വം. 'ഒഥെല്ലോ'യുടെ ഉച്ചാവസ്ഥയാണ് ഷേക്സ്പീയർ അവസാനത്തെ അന്തഃപുരരംഗത്തിൽ (Bed-Room-Scene) ആവിഷ്കരിച്ചിട്ടുള്ളത്. 'തിയേറ്റർ ഗ്രൂപ്പ്'കാർ 'ഒഥെല്ലോ' വിലെ അന്തഃപുരരംഗത്തോടുകൂടിയാണ് നാടകം ആരംഭിച്ചത്. പശ്ചാത്തലസംഗീതസംഘത്തിന്റെ സഹായത്തോടുകൂടി പ്രക്ഷുബ്ധമായ ഒരന്തരീക്ഷം സൃഷ്ടിച്ചതിനുശേഷം യവനിക നീങ്ങുന്നു. ഒരിരുൾ നിറഞ്ഞ രംഗം. പരിപൂർണ്ണമായ നിശ്ശബ്ദത. ഒഥെല്ലോ പ്രവേശിച്ച് ഡെസ്ഡിമോണയെ വധിക്കുന്ന ആ ഭയങ്കരസംഭവം നടക്കുന്നു. എന്നിട്ട് ഒഥെല്ലോ സവ്യസനം തങ്ങളുടെ അനുരാഗചരിത്രത്തിന്റെ സുവർണ്ണലിപികൾ നിറഞ്ഞ ഏടുകൾ തന്റെ അന്തരംഗംകൊണ്ടു വായിക്കുന്നു. ആ ഏടുകളാണ് പിന്നീട് അനന്തരംഗങ്ങളായി കാണികളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. 'തിയേറ്റർ ഗ്രൂപ്പ്'കാരുടെ വിജയത്തിൽ സംശയാലുക്കളായിരുന്ന കലാവിമർശകന്മാർപോലും അവരുടെ അഭിനയത്തിനുശേഷം അഭിനന്ദകന്മാരായിത്തീർന്നു. ആന്ധ്റയിലെ ഐ. പി. ടി. ഏ. സമിതി ഉച്ചഭാഷിണിയുടെ സഹായംകൂടാതെതന്നെ ഉൾനാടുകളിൽ പതിനായിരവും പതിനഞ്ചായിരവും വരുന്ന ജനക്കൂട്ടങ്ങൾക്കു മുമ്പിൽ ഒരു എളുപ്പവിദ്യ ഉപയോഗിച്ച് ശബ്ദം വലുതാക്കി പ്രദർശനങ്ങൾ നടത്തി. സ്റ്റേജിന്റെ ഉപരിഭാഗത്ത് വലിയ മൺകലങ്ങൾ കമിഴ്ത്തി പ്രതിഷ്ഠിക്കുക എന്നതാണ് അവരെടുത്ത വിദ്യ. വലിയ പണച്ചിലവുകൂടാതെതന്നെ വമ്പിച്ച സമ്മേളനങ്ങളിലും മററും നാടകാഭിനയത്തിനു വേണ്ടി പ്രയോഗിക്കാവുന്ന ഒന്നാണ് ഈ വിദ്യ.

പൃഥ്വീരാജിന്റെ പരിശ്രമങ്ങൾ

ഭാരതീയ ചലച്ചിത്രലോകത്തിൽ സുപരിചിതനായ പൃഥ്വീരാജ് കപൂർ ഒരു വർഷത്തിനു മുമ്പ് ബോംബെയിൽ സ്ഥാപിച്ച "പൃഥ്വീ തീയേറ്റേഴ്സ്" ഇന്ത്യയിലെ നാടകവേദിക്ക് ചെയ്തിട്ടുള്ള സംഭാവന സ്തുത്യർഹമായതാണ്. പഞ്ചാബിലെ ഒരുയർന്ന ഗവർമ്മെന്റുദ്യോഗസ്ഥന്റെ പുത്രനായ പൃഥ്വീരാജ് ഇംഗ്ലണ്ടിൽ ഉപരിവിദ്യാഭ്യാസത്തിനുപോയി മടങ്ങിയെത്തിയത് ഇന്ത്യൻ നാടകവേദിയെ അധഃപതനത്തിൽനിന്ന് രക്ഷിക്കണമെന്നുള്ള മഹനീയമായ ഉദ്ദേശ്യത്തോടുകൂടിയാണ്. തനിക്ക് സിനിമാ അഭിനയത്തിൽനിന്നു കിട്ടിയ സമ്പാദ്യംകൊണ്ട് അദ്ദേഹം ഇംഗ്ലണ്ടിലെ ഓപ്പറാ—ഹൗസുകളുടെ (Opera-Houses) മാതൃകയിൽ ബോംബെയിൽ ആരംഭിച്ച ഒരു നാടകസമിതിയാണ് "പൃഥ്വീ തീയേറ്റേഴ്സ്." പൃഥ്വീ തീയേറ്റേഴ്സ് ആദ്യം പ്രദർശിപ്പിച്ചത് 'ശകുന്തള' എന്ന സംഗീതനാടകമാണ്. സമുചിതമായ രംഗവിധാനങ്ങളോടും പശ്ചാത്തലസംഗീതസംഘത്തോടുംകൂടി നിർമ്മിക്കപ്പെട്ട 'ശകുന്തള' ബോംബെയിൽ മൂന്നുമാസത്തോളം തുടർച്ചയായി അഭിനയിക്കപ്പെട്ടു. ആ പൗരാണിക കഥയുടെ വിജയംകൊണ്ടു സംതൃപ്തനാവാതെ പൃഥ്വീരാജ് അടുത്തപടിയായി "ദീവാർ" (ചുമർ) എന്ന രാഷ്ട്രീയ-സാമുദായിക നാടകം സൃഷ്ടിച്ചു. മൂന്നുമാസക്കാലമായി ബോംബെയിൽ പ്രദർശിപ്പിച്ചുവരുന്ന "ദീവാർ" ഇപ്പോളും നിറഞ്ഞ പ്രേക്ഷകവൃന്ദത്തിനു മുമ്പിൽ അഭിനയിക്കപ്പെട്ടുവരികയാണ്.

കേരളീയ നാടകക്കമ്പനിക്കാർ ശ്രദ്ധിക്കുമോ?

ഏററവും അനുയോജ്യമായ രംഗവിധാനംകൂടാതെ ഒരു നാടകവും നാടകമാവുന്നില്ല.

കൊട്ടകമാനേജർമാരുടെയും കൺട്രാക്ടർമാരുടെയും കാരുണ്യംകൊണ്ടു കിട്ടുന്ന രാജധർബാറിന്റെ കർട്ടൻ ഉപയോഗിച്ച് 'രാമൻമേനോന്റെയും മാധവിയമ്മ'യുടെയും വീട് സൃഷ്ടിക്കുന്നതും, ഘോര വനാന്തരത്തിന്റെ കർട്ടൻ ഉപയോഗിച്ചു തിരുവനന്തപുരത്തെ പാർക്കുണ്ടാക്കുന്നതും നാം സാധാരണ കാണാവുന്ന രംഗങ്ങളാണ്. ശ്രീ. ഹരീന്ദ്രനാഥചട്ടോപാദ്ധ്യായ ഒരിക്കൽ പറഞ്ഞു കേട്ടിട്ടുണ്ട്, രംഗത്തിനു പററാത്ത കർട്ടൻസ് ഉപയോഗിക്കുന്നതിലും ഭേദം ഒരു വെറും കറുത്ത യവനികയോ, ചാക്കുതുണിയോ കെട്ടി അഭിനയിക്കുന്നതാണുത്തമമെന്ന്. ഈ കാര്യമെങ്കിലും നമ്മുടെ നാടകക്കമ്പനിക്കാർ പ്രവർത്തിച്ചാൽ മതിയായിരുന്നു. 'നാടകകലൈയരശ്' നവാബ് രാജമാണിക്കം' കുറെ പണംമുടക്കി ഉണ്ടാക്കിയിട്ടുള്ള രംഗവിധാനവും ഇലക്ട്രിക്ക് സീനുകളും ഇല്ലെങ്കിൽ അഭിനയവും യഥാർത്ഥ നാടകവും കണ്ടാൽ ആസ്വദിക്കുവാൻ കെല്പുള്ള കോട്ടയത്തെയും തിരുവനന്തപുരത്തെയും പൗരാവലി നാടകകലൈയരശിന്റെ മടിശ്ശീലയിൽ ഇത്രയധികം പണംകൊണ്ടു ചൊരിയുമായിരുന്നുവോ?

അവർ പറയുന്നു

ദേശീയബോധം

സി. ആർ. ആറ്റ്ലി

ഇപ്പോൾ ദേശീയത്വത്തിന്റെ തിരമാലകൾ ഇൻഡ്യയിൽ മാത്രമല്ല, ഏഷ്യയിൽ മുഴുവൻ അതിവേഗത്തിൽ ഉഴറിക്കൊണ്ടിരിക്കുകയാണെന്നു എനിക്കു നിശ്ചയമുണ്ട്. ഏഷ്യയുടെ ഏതെങ്കിലും ഭാഗത്തുണ്ടാകുന്ന സംഭവം ഇൻഡ്യയെയും ബാധിക്കുമെന്നു് ഓർത്തിരിക്കേണ്ടതാണ്. ഞാൻ സൈമൺ കമ്മീഷനിലെ ഒരംഗമായിരുന്ന കാലത്തു ജപ്പാൻനടത്തിയ വെല്ലുവിളി ഏഷ്യാറ്റിക്ക് ജനതയെ എങ്ങനെ ബാധിച്ചുവെന്നു് ഞാൻ ഓർക്കുന്നുണ്ട്. ഇൻഡ്യയിലെ ചുരുക്കം ചിലരെ-പ്രത്യേകിച്ചു വിദ്യാഭ്യാസം സിദ്ധിച്ച വിഭാഗങ്ങളെ-മാത്രം ബാധിച്ചിരുന്ന ദേശീയബോധം വികസിച്ചു വികസിച്ചു എല്ലാ ജനവിഭാഗങ്ങളുടെ ഇടയിലും വ്യാപിച്ചുകഴിഞ്ഞു. ദേശീയത്വത്തെ അവഗണിക്കത്തക്കവണ്ണം ചില വർഗ്ഗീയവാദം മുമ്പോട്ടുകൊണ്ടുവരുന്നുണ്ടെങ്കിലും ഹിന്ദുക്കളുടെയും സിക്കുകളുടെയും മുസ്ലീങ്ങളുടെയും മഹാരാഷ്ട്രന്മാരുടെയും-അവർ രാഷ്ട്രീയപ്രവർത്തകന്മാരായാലും ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരായാലും-ഇടയിൽ ദേശീയബോധം ഇന്നു തഴച്ചുവളർന്നിട്ടുണ്ട്. യുദ്ധത്തിൽ അത്ഭുതകരമായ സേവനം അനുഷ്ഠിച്ച ഇൻഡ്യൻ ഭടന്മാരെയും ദേശീയബോധം ബാധിച്ചിട്ടുണ്ടെന്നാണു ഞാൻ വിചാരിക്കുന്നതു്.

പിടിച്ചുവാങ്ങും

ആർതർ ബോട്ടംലി

കോൺഗ്രസ്സും ലീഗും ശക്തിവർദ്ധിച്ച് ഇൻഡ്യയിൽ രണ്ട് ഏകാധിപത്യ രാഷ്ട്രങ്ങൾ സൃഷ്ടിക്കപ്പെടാനുള്ള സാദ്ധ്യതകളുണ്ട്. ഇംഗ്ലീഷുകാർ ഉണർന്നു പ്രവർത്തിക്കണം. ഇൻഡ്യയിൽ ഒരു ഏകാധിപത്യഭരണം ഉണ്ടാകാതെ സൂക്ഷിക്കയും വേണം. ചക്രവർത്തിയെ മുഖംകാണിക്കുന്നതിനേക്കാൾ വളരെ പണിയുണ്ട്, ഗാന്ധിജിയെയും മി. ജിന്നായെയും സമീപിക്കുവാൻ. നാം ഇൻഡ്യക്കു പൂർണ്ണസ്വയംഭരണം ഉടനെ കൊടുത്തില്ലെങ്കിൽ, അടുത്ത നാളുകളിൽ തന്നെ ഇൻഡ്യ അതു പിടിച്ചുവാങ്ങും. അതിനിടയാകാതെ ഇൻഡ്യയോടുള്ള സൗഹാർദ്ദബന്ധം എന്നന്നേയ്ക്കുമായി നശിപ്പിക്കാതെ ഉടനെ സ്വാതന്ത്ര്യം കൊടുക്കുകയാണു് നന്നു്.

ജപ്പാൻമട്ട്

കെ. പി. കേശവമേനോൻ

ജനങ്ങളെ സേവിച്ചു അവരെ വശീകരിക്കണം എന്നുള്ള വിചാരം ജപ്പാൻകാർക്കില്ലായിരുന്നു. അവരെ ഭയപ്പെടുത്തി ഭരിക്കുന്നതിലാണ് ജപ്പാൻകാരുടെ ശ്രദ്ധമുഴുവനും പതിഞ്ഞിരുന്നതു്. ഇത്ര ഹൃദയമില്ലാത്ത വർഗ്ഗങ്ങളാണ് ഇവരെന്നു അടുത്തു പരിചയിക്കുവാൻ തുടങ്ങിയപ്പോഴാണ് ജനങ്ങൾക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു്. ഏഷ്യാക്കാരെന്ന നിലയിൽ അവരുടെ ആദ്യത്തെ ജയംകൊണ്ടു് ആത്മാർത്ഥമായി സന്തോഷിച്ചവർ തന്നെ പിന്നീടു് അവരുടെ സ്വഭാവം മനസ്സിലാക്കിയപ്പോൾ അവരെ മനഃപൂർവമായി വെറുക്കുവാനും തുടങ്ങി.

രണ്ടുതരം മുതലാളിമാർ

—ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്

വൻകിട മുതലാളിമാരിൽ യൂറോപ്യന്മാരെന്നും ഇൻഡ്യാക്കാരെന്നും രണ്ടുതരക്കാരുണ്ട്. ഇതിൽ ആദ്യത്തെ കൂട്ടർ പ്രത്യക്ഷത്തിൽതന്നെ ഉടൻ ഇൻഡ്യവിടേണ്ടവരാണ്. രണ്ടാമത്തെ കൂട്ടരാകട്ടെ സ്വന്തം ആദായം വർദ്ധിപ്പിക്കാനുള്ള ധൃതിയിൽ എന്തുചെയ്യാനും മടിക്കാത്തവരാണ്; നാട്ടുകാർക്കു തുണിയും മറ്റും കിട്ടാൻ വിഷമം നേരിട്ടിരുന്ന കാലത്തെല്ലാം അമിതമായ ആദായമടിച്ചു് സ്വന്തം മടിശ്ശീല തടിപ്പിക്കാനവർക്കു യാതൊരു മടിയും ഉണ്ടായിട്ടില്ല. തങ്ങളുടെ അമിതാദായത്തിനു തടസ്സം വരുമെന്നു കാണുമ്പോൾ പോലീസിനെയും പട്ടാളത്തെയും വരുത്തി സ്വന്തം നാട്ടുകാരെ ഹിംസിക്കാനും ഇവർക്കു സങ്കോചമില്ല. അതുകൊണ്ടു് ഇവരുടെ പ്രവർത്തിയും കർശനമായി നിയന്ത്രിക്കാതെ നിവർത്തിയില്ല. യൂറോപ്യൻ മുതലാളിമാരുടെ സ്വത്തെല്ലാം കണ്ടുകെട്ടി പൊതുസ്വത്താക്കണം; ഇതിനു പ്രതിഫലമായി ഇന്നു ഇൻഡ്യയുടെ പേരിൽ കിടക്കുന്ന സ്റ്റെർലിങ്ങ് നിക്ഷേപം കൊടുക്കണം. മൗലിക വ്യവസായങ്ങൾ എല്ലാം പൊതുസ്വത്താക്കണം. മുതലാളിമാരുടെ ആദായം കർശനമായി നിയന്ത്രിക്കണം.

—0—

പതിമ്മൂന്നാം പേജ്

(ബാലൻ)

"സഖാവ് ജോഷിയുടെ കത്ത് പോലീസിനുള്ള ഒരു മുന്നറിയിപ്പാണ്. പോലീസധികൃതന്മാർ അവരുടെ കർത്തവ്യം നിർവഹിക്കുമെന്നാശിക്കട്ടെയോ?," കമ്മ്യൂണിസ്റ്റുകളുടെ തെറിപ്രസ്ഥാനമെന്ന തലക്കെട്ടിൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ശ്രീ. കെ കേളപ്പൻ എഴുതിയിട്ടുള്ള ഒരു ലേഖനത്തിന്റെ ഉപസംഹാരവാക്യമാണിത്. ലേഖനത്തിന്റെ ചുരുക്കം- കമ്മ്യൂണിസ്റ്റുകാർ കോൺഗ്രസ്സുകാരെ തെറി പറയുകയും തല്ലുകയും ചെയ്യുന്ന പ്രവർത്തനം നടത്തുന്നതെന്നും, അവരുടെ ഇപ്പോഴത്തെ ശ്രമം തെരഞ്ഞെടുപ്പിൽ ആളുകളെ സംബന്ധിപ്പിക്കാതിരിപ്പാൻ ഭീഷണിപ്പെടുത്തുകയാണെന്നും ആണ്. ഇതിനു തെളിവെന്നോണം കണ്ണൂരിൽ വെച്ച് കമ്മ്യൂണിസ്റ്റുകളുടെ ആക്രമണത്തിന്നിരയായ ഒരു കുഞ്ഞിരാമക്കുറുപ്പിന്റെ ചിത്രവും ആ പേജിൽതന്നെ ചേർത്തിട്ടുണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലും കോൺഗ്രസ്സ് സ്ഥാനാർത്ഥികൾ വിജയികളാകുമെന്ന് ശ്രീ. കേളപ്പനുറപ്പുണ്ട്. ചിറക്കൽ താലൂക്കിൽ കോൺഗ്രസ്സിന്റെ പെട്ടി ചുവപ്പുപെട്ടിയാണെന്ന് തെറ്റു ധരിപ്പിക്കാൻ ശ്രമിക്കുമെന്നും മുന്നറിവു തരുന്നുണ്ട്. അതായത് ആ നിയോജകമണ്ഡലത്തിൽ കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥി വിജയിച്ചാൽ അത് പെട്ടിയുടെ നിറം തെറ്റിദ്ധരിച്ചിട്ടായിരിക്കുമെന്ന് ഒരു പ്രവചനം. പൊതുവെ ആ ലേഖനം വായിച്ചാൽ കമ്മ്യൂണിസ്റ്റുകാർക്ക് മലബാറിൽ ഒരു പൊതുജനപിൻബലവും ഇല്ലെന്നും മലബാറിലെ ജനങ്ങൾ മുഴുവൻ കമ്മ്യൂണിസ്റ്റ് തെമ്മാടികളെ ഭയന്ന് ജീവൻ കൈയിലെടുത്ത് പിടിച്ചുകൊണ്ട് ജീവിക്കുകയാണെന്നും ഒരേസമയം തോന്നിക്കും. ആ അവസ്ഥക്കൊരു പരിഹാരമാണ് പോലീസിനോടുള്ള ശ്രീ. കേളപ്പന്റെ അഭ്യർത്ഥന.

ഇത്രയൊക്കെ പറഞ്ഞിട്ടും വായിക്കുന്നവനു ശ്രീ. കേളപ്പന്റെ വാദങ്ങളിൽ അത്ര വിശ്വാസം തോന്നുന്നില്ല. തെരഞ്ഞെടുപ്പു കാലത്തെ പ്രചരണത്തിനൊക്കെ ഒരു പ്രത്യേകതയുണ്ട്. ലക്ഷ്യം മാർഗ്ഗത്തെ നീതീകരിച്ചുകൊള്ളും," എന്ന്. ഇംഗ്ലണ്ടിലെ തെരഞ്ഞെടുപ്പിന്റെ അവസാനദിവസം പ്രൊഫസർ ലാസ്കിയെപറ്റി ചർച്ചിൽ അപവാദം ഉണ്ടാക്കിയതും അതു തിരിച്ചടിച്ചതും വായനക്കാർക്കറിവുണ്ടല്ലോ. ഞാൻ ഒരു കമ്മ്യൂണിസ്റ്റല്ല. ഈ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റുകാർ ജയിക്കുമെന്ന് വിശ്വസിക്കുന്നുമില്ല. പക്ഷെ ശ്രീ കേളപ്പന്റെ ഇത്തരം പ്രചരണം തിരിച്ചടിക്കുകയില്ലേ എന്ന് സംശയിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

ഇതിനു കാരണങ്ങളുണ്ടോ. ഉണ്ടെന്നാണ് തോന്നുന്നത്. കമ്മ്യൂണിസ്റ്റുകാർ തെറിപറയുന്നുവെന്നാരോപണം. വിമർശിക്കപ്പെടാൻ ഇഷ്ടമില്ലാതിരിക്കുക തെറ്റ് സമ്മതിക്കലാണ്. ഹിററ്ലർ വിമർശനത്തിനു മരണശിക്ഷയാണ് വിധിച്ചിരുന്നത്. ഭാരതത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ വിമർശനങ്ങൾ നടത്തുന്നവർ ജയിലിലാണല്ലോ ജീവിക്കുക. മലബാർ കോൺഗ്രസ്സ് സാമുവൽ ഹോറെന്റെ പിടിയിലായിപ്പോയി എന്ന് കമ്മ്യൂണിസ്റ്റുകാർ തെറി പറയുന്നുവത്രെ. പറയട്ടെ. മലബാറിലാണല്ലോ ആ പ്രചരണം നടക്കുന്നത്. സാമുവൽ ഹോറിന്റെ പിടിയിലല്ലെങ്കിൽ ആരാണ് ഈ പ്രസ്താവനകൊണ്ട് പൊളിയുന്നത്.

കമ്മ്യൂണിസ്റ്റുകാർ മലബാറിലെ ജനങ്ങളെ അടിച്ചുഭയപ്പെടുത്തുന്നുവെന്നാണ് മറ്റൊന്ന്. പൊതുജനങ്ങളുടെ ഇടയിൽ യാതൊരു പിന്തുണയും ഇല്ലാത്ത ഒരു കക്ഷി ഒരു രാജ്യത്തെ ജനങ്ങളെ മുഴുവൻ ഭയപ്പെടുത്തുന്നുവെന്ന് പറയുന്നതു* വിശ്വസിക്കാൻ വിഷമമാണ്. ബോംബെയിലും കൽക്കട്ടായിലും മററും കമ്മ്യൂണിസ്റ്റ് ആഫീസുകൾക്ക് തീ വെയ്ക്കുകയും കമ്മ്യൂണിസ്റ്റുകാരെ അടിക്കുകയും കൊല്ലുകയും ചെയ്തത് കമ്മ്യൂണിസ്റ്റുകാരായിരിക്കുമോ. സാധാരണ ശക്തി കൂടുതലുള്ള കക്ഷിയാണോ കുറവുള്ള കക്ഷിയാണോ ബലപ്രയോഗത്തിനു ശ്രമിക്കുക. കോൺഗ്രസ്സും ലീഗും തമ്മിലും, കോൺഗ്രസ്സും പട്ടികജാതിസ്ഥാനാർത്ഥികളും തമ്മിലും നടക്കുന്ന അടിപിടികളെ? ഒരു കുഞ്ഞിരാമക്കുറുപ്പിന്റെ പടം ചേർത്തുകണ്ടു. ഇദ്ദേഹമാണോ ഈ എം എസ്സിന്റെ തലയെടുത്ത് സൂപ്പ് കുടിക്കുമെന്ന് പ്രസംഗിച്ചത്.

എന്തിനാണ് ചിറക്കൽതാലൂക്ക് പ്രത്യേകം എടുത്ത് പറഞ്ഞിരിക്കുന്നത്. ചിറക്കൽ താലൂക്കിൽ കമ്മ്യൂണിസ്റ്റ് സ്വാധീനം കൂടുതൽ ഉണ്ടെന്ന് സമ്മതിച്ചു പറയുന്നതല്ലേ കുറെക്കൂടി ഉചിതം.

ഒരു തെരഞ്ഞെടുപ്പിൽ ഇത്ര വെപ്രാളമെന്തിനാണ്. സ്വന്തം സ്ഥാനാർത്ഥികളുടെ കഴിവുക

ളെപ്പററി തോന്നലുണ്ടാകുന്നതുകൊണ്ടായിരിക്കുമോ. നാട്ടുകാരെസംബന്ധിച്ചിടത്തോളം സ്ഥാനാർത്ഥികളുടെ പേരുതന്നെ നോക്കുക. ചിറയ്ക്കൽ താലൂക്കിൽനിന്നു കോൺഗ്രസ്സിനു ശ്രീ മാണിജോർജ്ജ്, കുമാരൻ, കമ്മ്യൂണിസ്റ്റ് ശ്രീ കെ. പി. ഗോപാലൻ. കോട്ടയത്തുനിന്നു. ശ്രീ എം. പി. ദാമോദരനും, ശ്രീ സി. എച്ച്. കണാരനും., കോഴിക്കോട്ടുനിന്നു, ശ്രീ ചന്തുവും ശ്രീ എ. കെ. ഗോപാലനും. മലപ്പുറം ശ്രീ എം. പി. ഗോവിന്ദമേനോനും, ശ്രീ ഇ. എം. എസ്സ്. നമ്പൂതിരിപ്പാടും. ഇതിൽ ഏതു പേരുകളാണു കേരളീയർക്കു പരിചിതം? കോൺഗ്രസ്സ് പ്രവർത്തകരായിത്തന്നെ രണ്ടാമത്തെ കൂട്ടരാണെന്നു പ്രത്യേകിച്ചു പറയേണ്ടല്ലോ. അവരെല്ലാം രാജ്യദ്രോഹികളായി (നല്ല പ്രവർത്തകർ കൂട്ടത്തോടെ!) തീർന്നുവെന്നാണു മറുപടി. ഒന്നാമതായി ഇ. എം. എസ്സ്.-ന്റെയും, എ. കെ. ഗോപാലന്റെയും സ്ഥാനാർത്ഥിത്വം 1942-നുമുമ്പ് പാർലമെന്ററിബോർഡ് ആദ്യം തള്ളിക്കളഞ്ഞതിനു കാരണം ഇതായിരുന്നു. രണ്ടാമത്തു അങ്ങനെയാണെങ്കിലും കോൺഗ്രസ്സിനു ഇതിലും നല്ല സ്ഥാനാർത്ഥികളെ നിറുത്താമല്ലോ. ശ്രീ കേളപ്പനും, ശ്രീ മാധവമേനോനും സ്ഥാനാർത്ഥികളായിക്കൂടെ. അതിനും ചില സമാധാനങ്ങളുണ്ട്. ഏതായാലും രാജ്യത്തെ പ്രധാന രാഷ്ട്രീയസംഘടനയുടെ നേതാക്കന്മാർ ആ സംഘടനയെക്കാളും, രാഷ്ട്രത്തെക്കാളും തന്നെ വലുതായിപ്പോയാൽ അതു ആ രാജ്യത്തിന്റെ നിർഭാഗ്യകാലമാണ്.

ഈ കുറവുകൾക്കെല്ലാം പരിഹാരം ശ്രീ കേളപ്പൻ കണ്ടുപിടിച്ചിരിക്കുന്നതു പോലീസിനോടുള്ള ഒരു അഭ്യർത്ഥനയാണ്. നാട്ടിലെ പ്രധാന രാഷ്ട്രീയസംഘടന ഇതിനായി പോലീസിന്റെ സഹായം അഭ്യർത്ഥിക്കുകയെന്നതു അഭിമാനകരമാണോ എന്നു സംശയിക്കുന്നു. നിട്ടിലെ ജനങ്ങൾതമ്മിൽ കലഹിക്കുക ഭരിക്കുന്നവരെ അതിനു മാദ്ധ്യസ്ഥത്തിനു ക്ഷണിക്കുക എന്നതു ഭാരതത്തിലെ ദേശീയപ്രസ്ഥാനത്തിനു യോജിച്ച പാരമ്പര്യമാണോ എന്തോ.

x x x

ചർച്ചിൽ ഒരു സമരത്തിനു കോപ്പുകൂട്ടുകയാണ്. അമേരിക്കയിൽപ്പോയി ഒരു പ്രഖ്യാപനം നടത്തി. അടുത്തതായിട്ടു ഹോളണ്ടിലേക്കുപോകുന്നു. ഇനിയത്തെ ലക്ഷ്യം സ്പെയിനായിരിക്കുമെന്നൂഹിക്കുന്നതിൽ തെററില്ല.

അദ്ദേഹത്തിനു ഈ പണി പുത്തരിയല്ല. കഴിഞ്ഞ യുദ്ധംകഴിഞ്ഞയുടനെ നമുക്കെതിരായി ഒരു യുദ്ധം സംഘടിപ്പിച്ചു. അന്നു 14 രാഷ്ട്രങ്ങൾ അതിൽ പങ്കെടുത്തു. ഇന്നെത്രപേരെ കിട്ടുമോ എന്തോ.

അതുമില്ലെങ്കിലും ഇൻഡ്യയുണ്ടായിരിക്കുമെന്നുവേണം വിചാരിക്കാൻ. സ്വതന്ത്ര്യയായാലും ഇല്ലെങ്കിലും. സ്വതന്ത്ര്യയല്ലെങ്കിൽ 1939-ലെപ്പോലെ, മുക്ക്യാർകൊണ്ടു. സ്വതന്ത്ര്യയായാൽ 1946-ലെപ്പോലെ, കേളപ്പനും, മസാനിയുംചേന്ന് ചർച്ചിലിന്റെ ആറ്റംബോംബും, കേളപ്പന്റെ അഹിംസയും കൂടിച്ചേർന്നാൽ സോവിയറ്റ് തകർന്നു തരിപ്പണം.

ചർച്ചിലും ദേശീയനാട്ടമായി കൂട്ടുകെട്ടുണ്ടാകയില്ലെന്നു വിചാരിക്കുന്നവരോർക്കണം, സത്യത്തിനും അഹിംസയ്ക്കുംവേണ്ടി അതു ചെയ്യുമെന്ന്. സോവിയറ്റ് യൂണിയനാണെങ്കിൽ 1942-ൽ ഇൻഡ്യയെ ചതിച്ചു. ഇപ്പോൾ പേർഷ്യ പിടിച്ചടക്കാൻ ശ്രമിക്കുന്നു. മഞ്ചൂറിയയിൽ മോഷണംനടത്തുന്നു. ജർമ്മനിയിൽ കൊലചെയ്യുന്നു. ഫ്രാങ്കൊ പോകണമെന്നു പറയുന്നു. ഇങ്ങനെ കുറെയധികം. അപ്പോൾ ഇന്നത്തെ പൊതുശത്രു റഷ്യയാണ്. അതുകൊണ്ട് ഇൻഡ്യയും ബ്രിട്ടനുമായി ഐക്യമുന്നണി.

നല്ലതു. വളരെനല്ലതു. ഈ നയംതന്നെയാണല്ലോ പഞ്ചാബിലുംനടക്കുന്നതു. അകാലികളുടെ എല്ലാം നന്നായിവരുന്നുണ്ട്. ഒന്നൊഴിച്ചു. ചർച്ചിൽസായ്‌വിനു ബ്രിട്ടനെക്കൊണ്ടു ഒരു യുദ്ധംകൂടി ചെയ്യിക്കാൻ കഴിയുമോ എന്നതു.

ശത്രുവിന്റെശത്രു സ്നേഹിതനെന്ന തത്വം എത്ര നല്ലതാണെന്നുനോക്കുക. കുറച്ചു വിരോധാഭാസം വന്നേക്കാം. സാരമില്ല. ബ്രിട്ടനോടു വിരോധം കൂടുതൽതോന്നുമ്പോൾ ജപ്പാനോടു അടുക്കുക. കമ്മ്യൂണിസ്റ്റുകാരോടു വിരോധംതോന്നുമ്പോൾ കോൺഗ്രസ്സ് സോഷ്യലിസ്റ്റുകാരോടു അടുക്കുക. സോവ്യററിനോടു വിരോധം തോന്നുമ്പോൾ ബ്രിട്ടനോടു സന്ധിചെയ്യുക. ലീഗിനോടു വിരോധംതോന്നുമ്പോൾ ഹിന്ദുമഹാസഭയോടു അടുക്കുക. ഇതെവിടെകൊണ്ടുചെന്നു വീഴിക്കുമീശ്വരാ.

x x x

മന്ത്രിസഭാഡലിഗേഷൻ വരുന്നുണ്ട്. പെട്ടി സൂക്ഷിച്ചുകൊള്ളണം. എവിടെയെങ്കിലും കൊണ്ടുപോയി കളഞ്ഞിട്ടു തിരുവിതാംകൂറിൽവച്ചാണെന്നുമററും പറഞ്ഞുകൊണ്ടു നടക്കരുതെ.

— 0 —

ഗ്രന്ഥവിഹാരം

താഴ്വരകൾ

ഗ്രന്ഥകത്താവ്— വെട്ടൂർ രാമൻനായർ. പ്രസാധകർ—നാഷനൽ ബുക്ക്സ്റ്റാൾ കോട്ടയം. പേജ് 116 വില രൂപ ഒന്നേകാൽ.

സാമുദായിക പ്രശ്നങ്ങളെപ്പററി കഥയെഴുതുകയെന്നു പറഞ്ഞാൽ തൊഴിലാളി, പട്ടിണി, മർദ്ദനം എന്നീ വിഷയങ്ങൾ മാത്രമാണ് സാധാരണ മനസ്സിൽ വരുന്നതു്. സമുദായത്തിൽ ഏററവും ദുരിതമനുഭവിക്കുന്നവർഗ്ഗം തൊഴിലാളിവർഗ്ഗമാണെന്നതു് പരമാർത്ഥമാണ്. സാഹിത്യത്തിൽ പാത്രങ്ങളാകുവാൻ രാജകുമാരന്മാർക്കും, മില്ലുടമസ്ഥന്മാർക്കും അവർക്കവകാശമുണ്ടു്. എങ്കിലും സമുദായമെന്ന പദംകൊണ്ടു വിവക്ഷിക്കുന്നതു് അവരെ മാത്രമല്ലെന്നു ഓർമ്മിക്കേണ്ടതാണ്. ഇടത്തരക്കാരെന്നൊരുവർഗ്ഗം സാധാരണ സാഹിത്യത്തിൽ വിഷയമായി പ്രവേശിച്ചു കാണാറില്ല. നമ്മുടെ സാഹിത്യകാരന്മാർ മിക്കവരും ഇടത്തരക്കാരാണെന്നോർക്കുമ്പോൾ ഇതു പ്രത്യേകിച്ചും അത്ഭുതാവഹമായിരിക്കുന്നു. ശ്രീ. വെട്ടൂരിന്റെ "താഴ്വരകളിൽ" ഈ കുറവു് പരിഹരിച്ചിട്ടുണ്ടെന്നുള്ളതാണ് ഞാൻ ഈ പുസ്തകത്തിൽ കാണുന്ന പ്രധാനമെച്ചം.

എല്ലാ രാജ്യത്തെയും തൊഴിലാളികളാണ് ഉയർന്നുവരുന്നതും ശക്തിമത്തായതുമായ വിഭാഗം. പക്ഷെ തൊഴിലാളിയെന്ന പദം ശരിയായിഉപയോഗിക്കത്തക്ക ഒരുവർഗ്ഗം നമ്മുടെനാട്ടിൽ ഉണ്ടായിക്കഴിഞ്ഞിട്ടില്ല. ഇവിടെ ഭൂരിഭാഗവും ഇടത്തരക്കാരാണ്. ചില്ലറ കൃഷിക്കാർ, പലതരം പ്രത്യേകതൊഴിൽ കൊണ്ടുപജീവിക്കുന്നവർ, ഗുമസ്തന്മാർ, ഇവരോടൊക്കെ പററിനിന്നു "എങ്ങനെയോ" ജീവിതം കഴിക്കുന്നവർ. ഇവരൊക്കെയാണ് ഇടത്തരക്കാർ. പല അവാന്തരവിഭാഗങ്ങളും ഈ വർഗ്ഗത്തിലുണ്ടെങ്കിലും പൊതുവെ പറഞ്ഞാൽ ഇവരൊരു പ്രത്യേകവർഗ്ഗമാണ്. ഉയർന്ന വർഗ്ഗങ്ങളിൽ നിന്നു് സാമ്പത്തികമായി അധഃപതിച്ചവരാണ് ഇവരിൽ മിക്കവരും. ഉദാഹരണമായി ഒരു ധനികകർഷകകുടുംബത്തിൽ സമ്പാദ്യം കൂടുതലുണ്ടാകാത്ത രണ്ടു തലമുറകളിൽ ഭാഗം നടക്കുന്ന കഥ നോക്കുക. ആ കുടുംബത്തിലെ അംഗങ്ങൾ ഇടത്തരക്കാരായിരിക്കുന്നതായി കാണാം. ഈ അധഃപതനം അവിടെയും നില്ക്കുന്നില്ല. ഇന്നത്തെ സാമ്പത്തികഗതിയുടെ അനിർവാര്യമായ നിയമങ്ങളനുസരിച്ചു് ഒരു വലിയ വിഭാഗം ഇടത്തരക്കാർ തൊഴിലാളി എന്ന നിലയിലേക്കു് അധഃപതിക്കുന്നു. മോഷണംകൊണ്ടോ അരവയറും അത്യദ്ധ്വാനവുംകൊണ്ടോ ചിലരൊക്കെ ഇടത്തരത്തിലേക്കും ചിലപ്പോൾ ഒന്നാന്തരത്തിലേക്കും ഉയർന്നെന്നു വരാം. പക്ഷെ പൊതുവിൽ സംഭവിക്കുന്നതു് താഴയുള്ള പടിയിലേക്കു് ഒരു വലിയ വിഭാഗം നിരന്തരം ചവുട്ടി താഴ്ത്തപ്പെടുന്നതാണ്. കഴിഞ്ഞുപോയ (പിതാമഹന്മാരുടെകാലത്തെ) പ്രതാപത്തെപ്പററിയുള്ള നിശ്വാസങ്ങളും, വന്നു ഭവിച്ചേക്കാമെന്നു് ആശങ്കയോടെ വീക്ഷിക്കുന്ന തൊഴിലാളിത്വത്തോടുള്ള വെറുപ്പും ആണ് ഈ ഇടത്തരക്കാരന്റെ മാനസികനിലവാരം. രാഷ്ട്രീയമായി അവൻ എപ്പോഴും ഒന്നാംതരക്കാരന്റെയുംമൂന്നാംതരക്കാരന്റെയും ഇടയിൽ ചാഞ്ചാട്ടം. സ്വത്തില്ലായ്മയിലേക്കു് ഒഴുകിക്കൊണ്ടിരിക്കുമ്പോഴുംഒന്നാംതരക്കാരന്റെ വെൺമാടത്തിലേക്കു് അത്യാർത്തിയോടെ നോക്കിക്കൊണ്ടിരിക്കുക എന്നതാണ് അവരുടെ സാമ്പത്തികചിന്താഗതി ഇൻഡ്യയെപ്പോലെ കാർഷികമായ ഒരടിമരാജ്യത്തു് ഈ വർഗ്ഗമാണ് കൂടുതലായിരിക്കുന്നതു്. ഇവരുടെ രാഷ്ട്രീയഗതിയാണ് രാജ്യത്തിന്റെ രാഷ്ട്രീയഗതി തീരുമാനിക്കുന്നതു്. ഇവരുടെ പ്രശ്നങ്ങളാണ് യഥാർത്ഥജനകീയസാഹിത്യത്തിന്റെ ഉള്ളടക്കം. ഇടത്തരക്കാരുടെ പ്രശ്നങ്ങൾ പ്രതിപാദിക്കുന്നസാഹിത്യം വേണ്ടിടത്തോളം നമുക്കുണ്ടായി കഴിഞ്ഞിട്ടില്ല. സാധാരണ പീരുമേട്ടിലിരുന്നു് ചുററുംനോക്കി കഥയെഴുതുന്ന കഥാകാരനും ആലപ്പുഴ തൊഴിലാളിയെയാണ് കാണുന്നതു്. ശ്രീ രാമൻനായരും ചുററുംനോക്കി ആദ്യംകണ്ടതു് സ്വന്തസമുദായത്തിലെ ഒരു ഭയങ്കരദുർനീതിയാണ്.

ഒരു ജനവിഭാഗം മർദ്ദിതമാണെന്നോ അതു കരുതുന്നുവെന്നോ വരുമ്പോൾ, സ്വരക്ഷണം പുനരുദ്ധാരണത്തിനും വേണ്ടി സ്വാഭാവികമായി സൃഷ്ടിക്കപ്പെടുന്ന ഒന്നാണ് ഒരു സാമുദായിക സംഘടന പക്ഷെ എല്ലാ തത്വങ്ങൾക്കും സംഘടനകൾക്കും ഉള്ളതുപോലെ ചില കുറവുകൾ സാമുദായികസംഘടനകൾക്കുമുണ്ടു്. നടന്നുകൊണ്ടിരിക്കുന്ന മാററങ്ങൾക്കനുസരിച്ചു് മാററിക്കയോ ആദർശം കഴിഞ്ഞു് തുടർന്നു് പോകയോ ചെയ്താൽ എല്ലാ സംഘടനയും അധഃപതിക്കും. ജനങ്ങളെ ശ്വാസംമുട്ടിച്ചു കൊല്ലുവാനുള്ളൊരു ആയുധമായിമാറും. കേരളത്തിൽ ജന്മിത്വം

നശിക്കുകയും മുതലാളിത്തം അല്പാല്പമായി ഉണ്ടായി തുടങ്ങുകയും ചെയ്തതിനു് സാമുദായികമായി (വർഗ്ഗീയമായി) ചില ഫലങ്ങളുണ്ടായി. ജന്മിത്വത്തിന്റെ അവകാശികളായിരുന്ന നായർ തറവാടുകളിൽനിന്നു അതുവരെ തൊഴിലാളി വർഗ്ഗമായിരുന്ന ക്രിസ്ത്യൻ ഈഴവ വർഗ്ഗങ്ങളിലേക്കു് സാമ്പത്തികാധികാരം കൈമാറി തുടങ്ങി. നായർ സമുദായം നശിക്കുന്നതുകണ്ടു ചില ദീർഘദൃക്കുകൾ സ്വരക്ഷക്കായി സമുദായത്തെ സംഘടിപ്പിക്കാൻ തീവ്രശ്രമം നടത്തി. അതു് ഏറെക്കുറെ വിജയപ്രദമായിയെന്നു് പറയാം. ശ്രീ വെട്ടൂരിന്റെ "ദാനത്തങ്ങളിൽ" കരയോഗത്തിനു കാണിച്ചിരിക്കുന്ന ശക്തി ഈ വിജയത്തിന്റെ തെളിവാണു്. പക്ഷെ താൽക്കാലിക പ്രതിവിധികൾ സാമുദായിക-സാമ്പത്തിക പ്രശ്നങ്ങൾക്കു് പരിഹാരമുണ്ടാക്കുകയില്ല. ഉയർന്നു വരുന്ന ഒരു മുതലാളിത്ത സമുദായസംഘടനയിൽ മുതലാളിയായോ തൊഴിലാളിയായോ തീരാൻ കഴിയാത്തവൻ തറവാടിത്തവും പറഞ്ഞുകൊണ്ടു പട്ടിണി കിടക്കേണ്ടിവരും. പക്ഷെ ഇടത്തരക്കാരുടെ മനസ്ഥിതി ഈ കാര്യം എളുപ്പത്തിൽ കാണുകയില്ല. സംഘടനയുടെയും പ്രസ്ഥാനത്തിന്റെയും നയം "ഉള്ളതുവച്ചു പാലിക്കുക" എന്നതായിത്തീർന്നു. കുറെ ഉദ്യോഗമുണ്ടു്. അതു് കാക്കണം. അതിനു് ഉയർന്ന ജാതിയെ സേവ പിടിക്കുക. പരിഷ്കാരാത്മകമായ പരിപാടിയുംകൊണ്ടു് സാമ്പത്തിക ഘടനയുടെ തകർച്ചതടയാൻസാധിക്കുകയില്ലെന്ന പരമാർത്ഥം മറന്നിട്ടാണു് പല സമുദായപ്രവർത്തകരും പ്രവർത്തിക്കുന്നതു്. ഹാ! "ദാനത്തങ്ങളിൽ" കാണുന്ന ദാരുണസംഭവം.

അമ്മുക്കുട്ടിയുടെ 'തകർന്ന ഹൃദയം' ഏതു സഹൃദയനെയും കരയിക്കുന്നതാണു്. കുമാരൻ അവളെ ആരാധിക്കുന്നുണ്ടു്. പക്ഷെ അവൻ അവിവേകമൊന്നും പ്രവർത്തിക്കുന്നില്ല. പ്രായോഗിക ജീവിതത്തിൽ എത്രകണ്ടു് അതുകഴിയുമെന്നു് നാം സംശയിച്ചേക്കാം. പക്ഷെ ശ്രീ രാമൻനായരുടെ കുമാരനു് അതു കഴിയുന്നുണ്ടു്. അവൻ യഥാർത്ഥത്തിൽ ഒരു ദൈവദൂതനാണെന്നവനറിയാം. ആ ബോധം അവന്റെ രാഗം മൂകമാക്കിത്തീർത്തു. അവനെ അവിടെനിന്നു് ഇറക്കിവിടുന്നു. ആ ഗൃഹനാഥൻ സങ്കടത്തോടെയാണു് അതു് ചെയ്യുന്നതു്. അവൻ പോകുന്നതും ഹൃദയഭേദകമായ രീതിയിൽതന്നെ. അവസാന ദർശനവും, ഓർമ്മക്കു പാരിതോഷികങ്ങളും കരച്ചിലും ഒന്നുംകൂടാതെ യഥാർത്ഥ പ്രണയത്തിനു് സ്ഥാനംകൊടുക്കാത്ത സമുദായത്തെപ്പറ്റി ഒരക്ഷരമെങ്കിലും വിമർശിക്കാതെ വെറുതെ ഞങ്ങിപ്പോവുകയാണു്. അവൻ ഒരു നിഴൽ മാത്രമായിത്തീരുന്നു. അവനും അമ്മുക്കുട്ടിയുമായിട്ടുള്ള സ്നേഹബന്ധം ശാരീരികബലഹീനതകൾ തീണ്ടാത്ത ദിവ്യസ്നേഹത്തിന്റെ ഒരു മോഹനസ്വപ്നവും. അമ്മുക്കുട്ടിയുടെ ഹൃദയം തകർന്ന നെടുവീർപ്പ് വായനക്കാരനു് വ്യക്തമായി കേൾക്കാം. അതുകേൾക്കുന്ന വായനക്കാരൻ ഈ നിഴലുകളും, സ്വപ്നങ്ങളും യഥാർത്ഥമായി ഭവിച്ചിരുന്നെങ്കിൽ! എന്നു ഹൃദയംഗമമായി ആഗ്രഹിക്കുന്നില്ലെങ്കിൽ സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ആ വായനക്കാരനോടു കലാദേവി മാപ്പിരക്കേണ്ടിവരും.

ദുരിതംനിറഞ്ഞ പ്രപഞ്ചത്തിൽ അതു വർദ്ധിപ്പിക്കുന്ന രണ്ടു കാരണങ്ങൾ ഒരുമിച്ചാണു "പോസ്റ്റ്കാർഡ്" എന്ന കഥയിൽ ചിത്രീകരിച്ചിരിക്കുന്നതു്. തറവാട്ടുവഴക്കും, വർഗ്ഗഭിന്നതയും യഥാർത്ഥപ്രേമത്തെ തകർക്കുന്നതു്. രാജശേഖരനും രാധയും ആ ദുരന്തത്തിനു് ഉത്തരവാദികളല്ല. രാധയെ പ്രഭാകരനിൽനിന്നകറ്റി, ശ്യാമളയിൽനിന്നും അകറ്റപ്പെട്ട രാജശേഖരനെക്കൊണ്ടു വിവാഹം ചെയ്യിക്കുന്നതു വിധിയാണോ, സമുദായമാണോ. ഏതായാലും ഒഴിക്കാൻ കഴിയുമെങ്കിൽ ഈ ദുരിതമൊഴിക്കണമെന്നു് നമുക്കു തോന്നിക്കുവാൻ ശ്രീരാമൻനായർക്കു കഴിയുന്നുണ്ടു്.

ഈ പുസ്തകത്തിലെ മറ്റു കഥകളും ഇതുപോലെ നല്ലതാണു്. ശ്രീ രാമൻനായർക്കു് ചെറുകഥയെഴുത്തിന്റെ രീതി വളരെ നിശ്ചയമുണ്ടെന്നു് പറയാതെ നിവൃത്തിയില്ല. ചെറിയകഥ, സമം ചെറുകഥ എന്നതെറ്റായ തത്വം ശ്രീരാമൻനായർ സ്വീകരിച്ചിട്ടില്ല. ഏതെങ്കിലും ഒരു സന്ദർഭമെടുത്തു് അതിന്റെ സാമുദായികമായും, വ്യക്തിപരമായും ഉള്ള പ്രത്യാഘാതങ്ങളെ ചിത്രീകരിക്കുക എന്ന ശരിയായ വഴിയാണു് അദ്ദേഹം സ്വീകരിച്ചിരിക്കുന്നതു്.

ചെറിയചെറിയ വാചകങ്ങൾ, ചിന്താഗതിക്കു് വിഘ്നംവരാത്ത പ്രതിപാദനം ഇവയാണു് ശ്രീ വെട്ടൂരിന്റെ ഭാഷാരീതിയുടെ സവിശേഷതകൾ. സംഭാഷണരീതിക്കു് വളരെ സ്വാഭാവികത കാണുന്നുണ്ടു്. പല വർഗ്ഗത്തിൽപെട്ട പാത്രങ്ങളുടെ സംഭാഷണം അവർക്കു് കാണുന്ന പ്രത്യേകതകളോടെ തന്നെ കൊടുത്തിട്ടുണ്ടു്. ശങ്കരൻ ന്യൂ"ബേക്കറിയിലെ, "കാലപ്പഴക്കംകൊണ്ടു് കാച്ചിയ പർപ്പടംപോലെ അക്ഷരങ്ങൾ കുമളിച്ചുതുടങ്ങിയ "ബോർഡിന്റെതുപോലുള്ള വർണ്ണനകൾ ഹ്രസ്വമെങ്കിലും വളരെ നന്നായിട്ടുണ്ടു്. ശ്രീ വെട്ടൂരിന്റെ "താഴ്വരകളിൽ" ക്രൂടി ഒഴുകുന്ന വികാരനദികൾ കുത്തി പാഞ്ഞൊലിച്ചു വലിയ ബഹളമുണ്ടാക്കുന്നില്ല. എങ്കിലും അവിടെ

നാണമില്ലല്ലോ!

(9-ാംപേജിൽനിന്നു തുടർച്ച)

തിരികെവന്നു് കുളിയും ഊണുംകഴിഞ്ഞു് ഞാൻ പത്രവായനയിൽ ഏർപ്പെട്ടിരിക്കയായിരുന്നു. ഭാര്യ മേശയ്ക്കരികിൽവന്നു നില്പായി. ആ ഗൃഹദേവതയുടെ മുഖം പ്രസാദിച്ചിരുന്നില്ല. വീട്ടുകാര്യത്തിലുള്ള എന്റെ അനാസ്ഥയിൽ അവൾ പലപ്പോഴും പരോക്ഷമായി പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ടു്. ഇന്നു രണ്ടും നിശ്ചയിച്ചു് ഒരു അഭ്യന്തരയുദ്ധത്തിനു് അവൾ തയാറായിനില്ക്കയാണെന്നു് എനിക്കു മനസ്സിലായി. കൊടുങ്കാററിനു മുമ്പിലുള്ള ശാന്തതപോലെ അവൾ മൂകയായി നില്ക്കകൊണ്ടു.

"നീയറിഞ്ഞോ പവൻവില വർദ്ധിച്ചിരിക്കുന്നു്. ഇന്നത്തെ മാർക്കററിൽ പവനു് ഇരുപത്തഞ്ചരരൂപാ" ഞാൻ പത്രത്തിൽ നോക്കിക്കൊണ്ടു പറഞ്ഞു.

"ഉണ്ടെന്നുവരികിൽ എന്തുവിലയായാലെന്തെന്നു് നോക്കു്"

"ഉണ്ടെന്നുവോ!"

"അല്ലെങ്കിൽ ഹെയർപിന്നിനെന്താവില."

"ഇന്നാള് വാങ്ങിച്ച ഹെയർപിന്നൊക്കെ പോയൊ?"

"എനിക്കല്ല"

"പിന്നെ ആർക്കാ?"

"ഗൗരിക്കുട്ടിക്കു്"

"ഏതു ഗൗരിക്കുട്ടിക്കു്"

"നമ്മുടെ സ്വന്തം ഗൗരിക്കുട്ടിക്കു്; നാഗമ്പടത്തുകാരി"

"നീ എന്തൊന്നാ പറയുന്നതു്, മനസ്സിലാകുന്നില്ല."

"ഒരു ഇരുപതുരൂപാ തെകച്ചു് കൊടുക്കണ്ടതാ അവൾക്കു്. പതിനഞ്ചര രൂപായായിട്ടു് എന്തിനു കൊടുക്കുന്നു, കൊള്ളാം; നാണമില്ലാത്തതാണതിശയം'

എനിക്കു കാര്യം എല്ലാം മനസ്സിലായി. ഉണ്ടായ സംഭവം വള്ളിയും പുള്ളിയും വിടാതെ ഞാൻ വിവരിച്ചുകേൾപ്പിച്ചു. എങ്കിലും അവളുടെ പരിഭവഹിമാലയത്തിന്റെ മുമ്പിൽ എന്റെ ന്യായവാദങ്ങളും, തത്വഭാഷണങ്ങളുമൊക്കെ വെറും തുമ്പച്ചെടികളെപ്പോലെ നിന്നതേയുള്ളു.

"ഒന്നും പറയേണ്ട. എനിക്കും കുറെ ഒക്കെ മനസ്സിലാകും. ഇവിടെ പണത്തിനു് ബുദ്ധിമുട്ടുണ്ടെങ്കിലും കണ്ട വേശ്യപ്പെണ്ണുങ്ങൾക്കു കൊടുക്കാൻ പണമുണ്ടു്. എന്നെ ഇങ്ങനെ ചതിക്കേണ്ടായിരുന്നു." അവൾ കരയാൻ തുടങ്ങി.

അന്നത്തെ രാത്രിക്കു് ഒരു നൂറുമണിക്കൂറു് ദൈർഘ്യമുണ്ടായിരുന്നെന്നു് എനിക്കു തോന്നി. ഭാര്യയെപ്പോലെ ഉറക്കം കലമ്പി അകന്നുനിന്നു. ആപത്ഘട്ടത്തിൽ എന്നെ സഹായിക്കുവാൻ ഉററ മിത്രങ്ങളായി ഏതാനും ബീഡികൾ മാത്രമെ ഉണ്ടായിരുന്നുള്ളു. അവയും ഓരോന്നായി എന്നോടു യാത്രപറഞ്ഞു പിരിഞ്ഞുപോയി. ആ ട്രാൻസ്പോർട്ടുബസ്സും, അതിന്റെ കണ്ടക്ടറും, ആ വിധവയും അവരുടെ മക്കളും, കടലാസുപൊതിയും, അജ്ഞാതയായ ഗൗരിക്കുട്ടിയും, അർദ്ധസുഷുപ്തിയിൽ ക്ഷീണപ്രജ്ഞനായ എന്റെ മനസ്സിന്റെ മുമ്പിൽ കറങ്ങിക്കൊണ്ടിരുന്നു. നേരം വെളുത്തിരുന്നെങ്കിൽ!......

നേരംവെളുത്തു. ഞാൻ കടലാസുപൊതിയുമെടുത്തു് ബസ്സ്സ്റ്റാൻറിലേക്കു നടന്നു. അരമണിക്കൂറിനുള്ളിൽ വടക്കോട്ടുള്ള ബസ്സ് വന്നു. ഞാൻ അതിൽ കയറി മുട്ടമ്പലഭാഗത്തിറങ്ങി. വൃദ്ധയുടെ വീടു് കണ്ടുപിടിക്കുവാനുള്ള ശ്രമമായി. "പേഷ്ക്കാരമ്മേത്തിന്റെ പറമ്പിൽ,"—അതെവിടമാണാവോ! എനിക്കു പരിചയമുള്ള ഒരു മാന്യനെ കണ്ടു വിവരം ചോദിച്ചറിഞ്ഞു. അയാൾ ലക്ഷ്യം പറഞ്ഞുതന്നു.

"ഇതെന്താ പേഷ്കാററിലൊരു പൊതി വീർത്തിരിക്കുന്നേ? വല്ല മരുന്നോ മറേറാ ആണോ?" കളിയാക്കുന്ന ഒരു ചിരിയോടുകൂടി അയാൾ പറഞ്ഞു.

എനിക്കു വൈദ്യമല്ല തൊഴിൽ എന്നറിഞ്ഞുകൂടെ. കിറുക്കിനുള്ള ചികിത്സ പഠിച്ചാൽ കൊള്ളാമെന്നുണ്ടു്.

"കിറുക്കിനുതന്നെ പോരാ, ഭ്രാന്തിനുകൂടി വേണം. ഭ്രാന്തുതന്നെ പലജാതിയുണ്ടു്."

"ഇപ്പോൾ സംസാരിക്കാൻ നേരമില്ല; പിന്നാവട്ടെ വന്ദനം."

"അട്ടെ, വന്ദനം! വന്ദനം," പിന്നെയും എന്നെനോക്കി ചിരിക്കയാണു്. ആ വിഡ്ഢി അയാളുടെമൂക്കിനു് ഒരിടി കൊടുക്കുവാനുള്ള കോപം എനിക്കുണ്ടായി.

ഓലച്ചെററകൾകൊണ്ടു് തിണ്ണയുടെ ഇരുവശങ്ങളും മറച്ചിരിക്കുന്നതും, ചാണകവും കരിയും കൂട്ടി കലർത്തി തറയിലും ചുമരുകളിലും മെഴുകിയിരിക്കുന്നതും കിഴക്കോട്ടു ദർശനവുമായ ആ വീട്ടിലേക്കാണു് ഞാൻ കയറേണ്ടതു്. മുററത്തു ഒ

അതിന്റെ പാട്ടുകൾ കാണുന്നുണ്ടു്. ഇരുവശങ്ങളിലെ തരുലതാദികളിൽ അതിലെ ജലത്തിന്റെ അനുഗ്രഹവും.

സി. ജെ തോമസ് ബി. എ. ബി. എൽ.

ത കീറപ്പായയിൽ ഇളവെയിൽ കൊണ്ടുകൊണ്ടു് ഒരു വൃദ്ധശ്വാനകൻ ചുരുണ്ടുകൂടിക്കിടക്കുന്നു. ഇന്നലെക്കണ്ട വൃദ്ധ തിണ്ണയിൽ ഇരുന്നു പാക്കിടിക്കുകയാണു്, മുറുക്കുവാൻ. എൻ്റെ ആഗമനം പട്ടിക്കു് അത്ര രസിച്ചില്ല. അതെഴുന്നീറ്റു എൻ്റെനേരെ തിരിഞ്ഞു അശ്ലീലമായ ഭാഷയിൽ എന്നെ ശകാരിക്കുകയായി. എന്നാൽ ഗാന്ധിജിയുടെ നിരാഹാരവ്രതം പാലിച്ചുപോരുന്ന അവൻ അക്രമരാഹിത്യത്തിലും അഹിംസയിലും നിഷ്ഠയുള്ളവനായിരിക്കുമെന്നു എനിക്കു ധൈര്യമുണ്ടായി.

"ഇവിടെയാണോ കൈസറേ" അടുക്കളയിൽനിന്നു ഒരു നേരിയ കല്പനപുറപ്പെട്ടു. രണ്ടു കരിക്കലവുമായി ഒരു യുവതി-ചേച്ചമ്മ-മുറ്റത്തേക്കിറങ്ങി.

വൃദ്ധ പെട്ടെന്നെണീറ്റു തിണ്ണയ്ക്കു് ഒരു തടുക്കപായ ഇട്ടുതന്നു. ഞാനിരുന്നു.

"ഇന്നലെ വല്യമ്മ ബസ്സിൽവച്ചു വല്ലതും മറന്നോ?' എന്തിനു്, ഞാൻ കടലാസുപൊതി എടുത്തു അവരുടെ കൈയിൽ കൊടുത്തു. നന്ദിനിറഞ്ഞ കണ്ണുകളോടുകൂടി അവർ പൊതി തുറന്നുനോക്കി.

"എൻ്റെ മോനെ, ദൈവംതമ്പുരാൻ നിന്നെ തുണയ്ക്കും. വേറെവല്ലോരെടേം കൈയിലാ കിട്ടീരുന്നെങ്കിൽ തിരിച്ചു കിട്ടുമോ. ഞങ്ങളു് കെരഹപ്പെഴക്കാരാ കുഞ്ഞേ. ഈ പ്രായത്തിനെടേൽ എന്തെല്ലാം അനുഭവിച്ചു. ഇനിം എന്തൊക്കെ അനുഭവിച്ചാലാ ജീവനെടുക്കുന്നെ" വൃദ്ധയ്ക്കു വ്യസനംവന്നു. അവർ പെട്ടെന്നു വികാരം അടക്കി. "അപ്പോം, മോൻ്റെവീടു കോട്ടേത്താണോ?"

"അതെ"

"ചേച്ചമ്മേ, വേഗം ഇത്തിരി കാപ്പി തെളപ്പിച്ചേ മോളേ"

"എനിക്കാണെങ്കിൽ കാപ്പിവേണ്ട വല്യമ്മ"

"അതുകൊള്ളേ. കാപ്പി കുടിച്ചിട്ടുപോയാമതി. മോൻ ചെയ്ത ഉപകാരത്തിനു ഞങ്ങളെന്താ തരാനാ. ഞങ്ങളൊക്കെ പാവങ്ങൾ. എങ്കിലും ജാതീക്കൊറവൊന്നുമൊള്ളോരല്ല മോനെ. പിന്നെ ഒടേതമ്പുരാൻ ഇങ്ങനെ ഒക്കെയാക്കിയെന്നേയൊള്ളു."

വൃദ്ധയുടെ കണ്ണുകൾ നിറഞ്ഞു.

"അയ്യോ അതുകൊണ്ടൊന്നുമല്ല. എനിക്കു് ഇനിയത്തെ ബസ്സിൽ പോണം."

"അതിനെന്നാ പൊക്കോ. കാപ്പി ഇപ്പം തെളക്കും. വൃദ്ധ കണ്ണുനീർ തുടച്ചുകൊണ്ടു പറഞ്ഞു. മൂത്തമോനു് ബോട്ടിൽ ജോലിയാ. അവനു നാലഞ്ചു പിള്ളേരൊണ്ടു്. പിന്നെവല്ലോം ഒക്കെ തരും. അവൻ്റെ മൂത്തതാ മാറി. അവളെ പായിപ്പാട്ടാ കെട്ടിച്ചെ"

അമ്മയോടിതുവല്ലോം ചോദിച്ചോ അടുക്കളയിൽനിന്നു മകൾ പറഞ്ഞു.

"ഈ മകളെ കോട്ടയത്തെവിടെ കെട്ടിച്ചിരിക്കുന്നു. ഞാൻ ചോദിച്ചു.'അയാൾക്കെന്താണുജോലി.

അടുക്കളയിൽനിന്നു ഒരു പിഞ്ഞാണം താഴെ വീണ ശബ്ദം കേട്ടു.

"എന്തുവാടി അതു്. പിഞ്ഞാണംപൊട്ടിച്ചോ."

"ഇല്ല"

"ഇവളൊരു കുരുത്തംകെട്ടവളാ മോനേ, എൻ്റെ മോൻ്റെ പ്രായമെ കാണത്തൊള്ളു. കുഞ്ഞിനോടു പറേന്നേനൊന്നുമില്ല."

'ഇങ്ങോട്ടു വന്നേമ്മേ'

'വരുന്നു. ഇവളെ പത്തു വയസ്സൊള്ളപ്പം വീട്ടുവേലയ്ക്കു കൊണ്ടുപോയതാ മാത്തച്ചൻ കോട്ടയത്തിനു്. അവരൊക്കെ വലിയ വീട്ടുകാരല്ലെ. മാത്തച്ചൻ്റെ അപ്പമ്പിള ഇവിടുത്തുകാരനറിയാം. എന്തിനു പറേന്നു മോനേ. ഇങ്ങനെയൊക്കെ പറ്റി. കല്യാണം എല്ലാം പറഞ്ഞേടുത്തു വന്നതാ. ഞങ്ങടെ കഷ്ടകാലത്തിനു ഇങ്ങനെയൊക്കെയായി. ഞാൻ നെലത്തും താഴേംവച്ചു വളത്തീട്ടൊള്ളതല്ല. ഈ അവമാനക്കേടു്...."

'ഇങ്ങോട്ടു വന്നേമ്മേ,' മകൾ വീണ്ടും വിളിച്ചു. വൃദ്ധ എണീറ്റു അടുക്കളയിലേക്കു പോയി. എനിക്കു കാര്യം ഏതാണ്ടൊക്കെ മനസ്സിലായി.

കിഴവി ഒരു കപ്പു ചൂടുകാപ്പി കൊണ്ടുവന്നു എൻ്റെ മുമ്പിൽ വച്ചു.

'കോട്ടയത്തുകാരാ ഒരു ഗൗരിക്കുട്ടി പരിചയമുള്ളതു'' ഞാൻ ചോദിച്ചു. ആ ചോദ്യത്തിൽ ഔചിത്യത്തിൻ്റെ കുറവുണ്ടായിരുന്നു എനിക്കറിയാം. എങ്കിലും അറിയണമെന്നൊരു ജിജ്ഞാസ.

"ആരാ മോളേ" വൃദ്ധ മകളോടു ചോദിച്ചു.

അടുക്കളയിൽനിന്നു ചേച്ചമ്മ പറഞ്ഞു. 'അവളൊരു തട്ടാത്തിപ്പെണ്ണും. ഞങ്ങളുതമ്മിൽ വലിയ ഇഷ്ടമാരുന്നു. അവളും അവിടെ പാലുകൊണ്ടു കൊടുത്തിരുന്നതു്. അവിടച്ചൻ വഴക്കു പറഞ്ഞേപ്പിന്നെ അവിടെ വന്നിട്ടില്ല. ഞാൻ വീട്ടിൽപോയാൽ എഴുത്തയക്കണമെന്നു പറഞ്ഞു് മേൽവിലാസം കുറിച്ചുതന്നു.

ഞാൻ കാപ്പി പകുതി കുടിച്ചിട്ടു പാത്രം താഴെവച്ചു. "എന്നാൽ ഞാൻ പോകട്ടെ'' ബസ്സു വരുന്നുണ്ടെന്നു തോന്നുന്നു. തെക്കുനിന്നൊരു ബസ്സിൻ്റെ ഇരപ്പുകേട്ടു. ഞാൻ വേഗം നടന്നു. അതിവേഗത്തിൽ ഉള്ള എൻ്റെ നടപ്പുകണ്ടു് അയൽക്കാരിൽ ചിലർ എന്നെ ചൂണ്ടിക്കാണിച്ചു എന്തോ പറഞ്ഞു ചിരിക്കുന്നതു കണ്ടു. ഒരു വലിയ വീടിൻ്റെ മതിലിനു മറഞ്ഞുനിന്നു് ഒരു സ്ത്രീ എന്നോടായിട്ടെന്നപോലെ പറഞ്ഞു "നാണമില്ലല്ലൊ!" എന്നെ രക്ഷിക്കുവാൻ തെക്കുനിന്നു് ഒരു ബസ്സു് അതിശീഘ്രം ഓടിവന്നു.

ലഘുനാടകം

നവദർശനം

(കെ. സുരേന്ദ്രൻ)

(സാഹിത്യകാരന്റെ മനോഹരമായ ഒരു ഇരിപ്പുമുറി. കവി, മാധവൻ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. വിലപിടിച്ചതെങ്കിലും അലക്ഷ്യമായി അണിഞ്ഞിട്ടുള്ള വസ്ത്രങ്ങൾ)

മാധവൻ—രമേ!...രമേ!......മനോരമേ!

(മനോരമ പ്രവേശിക്കുന്നു)

മനോരമ—മനോരമേ! മനോരമേ!! ഇതാ ഒരു കാര്യം ചെയ്യുമോ? ദയവുചെയ്ത് ഇന്നുതന്നെ പോയി വേറൊരു കല്യാണംകൂടി കഴിച്ചുകൊള്ളണം. നിങ്ങൾക്ക് തൊട്ടിലാട്ടുന്നതു മാത്രമല്ല എനിക്കിവിടെ ജോലി.

മാധ—ക്ഷമാ കരോ മഹാറാണി ജീ!...

രമ—ക്ഷമാ കരോ മാങ്ങാത്തൊലി ജീ! അഞ്ചുമിനിട്ട കഴിഞ്ഞിട്ടില്ല, ഞാനിവിടെ നിന്നു പോയിട്ട്; അതിനുമുമ്പ്—രമേ!—രമേ!!

മാധ—എന്റെ പേനായും ലറർപാഡും ഒന്നുവേണം. അത്രമാത്രം മതി. അതിനായിട്ട് ഇന്നിനി വേറെ ഒരു കല്യാണം കഴിക്കാനോ?

രമ—എന്നാൽ ബഹുരസമായിരുന്നു! അല്ലേ? എനിക്കറിയാം—നിങ്ങളുടെ കൂട്ടം അതിനും മടിക്കുന്നവരല്ല. ഈ കവികളെ കുടിച്ച വെള്ളത്തിൽ കൂടി വിശ്വസിക്കരുത്! (എഴുത്തു സാധനങ്ങൾ എടുത്തുകൊടുത്തിട്ട് കവിയെ കസാലയിൽ പിടിച്ച് ഇരുത്തികൊണ്ട്) ഇതാ നല്ലപിള്ളയെപ്പോലെ ഇവിടെ ഇരുന്ന് എഴുതിക്കൊള്ളണം. ഞാൻ വരുന്നതുവരെ വിളിച്ചു പോകരുത്. കാരണം എനിക്ക് വേറെ പ്രയോജനമുള്ള ജോലിയുണ്ട്.

മാധ—ഉം!— അപ്പോൾ ഇന്ന് ജാം ഉണ്ടാകുന്നുണ്ട്!

രമ—മിണ്ടരുത്!....ശാപ്പാട്ടുരാമൻ!! (പോകുന്നു)

(മാധവൻ കുനിഞ്ഞിരുന്ന് എഴുതുന്നു. അല്പംകഴിഞ്ഞ് നിസ്സഹായത ഭാവിച്ച് തലചൊറിഞ്ഞുകൊണ്ട്—)

മാധ—രമേ!....രമേ!....

(രമ 'ഭടേ....!' എന്നു കതക് വലിച്ചടച്ചുകൊണ്ട് വീണ്ടും പ്രവേശിക്കുന്നു)

മാധ—തങ്കം!....ശ്രീധരന്റെ മേൽവിലാസമൊന്നു പറഞ്ഞേ....സിക്രട്ടറി—പ്രജാപരിഷത്ത്—?

രമ—അടി! ഓർമ്മവച്ചുവരുന്നല്ലോ!....തൻകാര്യം ഇങ്ങുതരണം. ഞാൻ എഴുതാം....ആ പേരുംകൂടി...ഒഹോ! ജെ. കെ. ശ്രീധരനോ? (പൊട്ടിച്ചിരിച്ചുകൊണ്ട്) എന്റെ പ്രാണനാഥാ! ജനനംതൊട്ട് മുപ്പത്തിമൂന്നു കൊല്ലം കൂട്ടത്തു പരിചയിച്ച ചങ്ങാതിയുടെ 'ഇനിഷ്യൽ' ഓർമ്മയില്ലെന്നു വന്നാൽ!....ഇക്കണക്കിനു 'നോബൽ പ്രൈസും' കിട്ടിപ്പോവുമെന്നാണ് തോന്നുന്നത്! ഈശ്വരാ! ദയവുചെയ്തിനി അപത്തൊന്നും വരുത്തരുതേ!

മാധ—ഇതൊക്കെയാണ് പെണ്ണേ, മഹാത്മ കവിലക്ഷണങ്ങൾ!

രമ—അതിനു തർക്കമില്ല! ചുമ്മാതല്ല ശ്രീധരൻ എഴുതുന്നത്, നിങ്ങൾ ഒരു ലഗാനില്ലാത്ത കവിയാണെന്ന്.

മാധ—(ഉള്ളിൽ തട്ടി) ചുമ്മാതല്ല ഞാനിപ്പോഴും കവിയായി ജീവിക്കുന്നത്. ചുമ്മാതല്ല ശ്രീധരൻ ഇത്തരത്തിലായിപ്പോയത്.

രമ—(അതേ ഭാവത്തിൽ) ഏത്തരത്തിൽ?

മാധ—രാഷ്ട്രീയകാര്യങ്ങളുടെ പിന്നാലെ നടന്നുനടന്ന് ഇങ്ങനെ ജന്മവാസനയെ നിഷേധിച്ചു!

രമ—ഈശ്വരാ, എല്ലാവരും ഇങ്ങനെ ജന്മവാസനയെ നിഷേധിച്ചിരുന്നെങ്കിൽ!

മാധ—പിന്നേ!!...നിന്റെ ശ്രീധരനാണല്ലോ എല്ലാവരുടെയും [illegible]!

രമ—നിരൂപണം സഹിക്കാത്തതും കവിയുടെ ലക്ഷണമായിരിക്കും?

മാധ—(വികാരാധീനനായി) കൊണ്ടുചുട്ടമോ നിങ്ങളുടെ നിരൂപണത്തെ?...ഞങ്ങൾ ലഗാൻ കെട്ടണമെന്ന്! ഞങ്ങൾ ഭാവനയെ വരിഞ്ഞുകെട്ടണമെന്ന്! ആരാന്റെ നിർദ്ദേശമനുസരിച്ച് കലാസൃഷ്ടി ചെയ്യണമെന്ന്! എമ്പാട്ടുംപരക്കേണ്ട എന്റെ പ്രേമചന്ദ്രികയെ ഇവിടെ മറകെട്ടിനിർത്തണമെന്നാണ് നിങ്ങൾ പറയുന്നത്.

രമ—നിങ്ങളുടെ വിശ്വപ്രേമത്തിന്റെ പതാക ഞങ്ങളിൽ കെട്ടിപ്പറപ്പിക്കുക.

മാധ—അത് സമുദായ പരിഷ്കർത്താക്കളുടെ കർത്തവ്യമാണ്.

രമ—പരിഷ്കർത്താവിനെപ്പോലെ നിങ്ങളും ആദ്യമായി മനുഷ്യനാവുക. ഞങ്ങളിൽക്കൂടി വിശ്വക്കോടികളെ കാണാൻ പഠിക്കുക.

മാധ—എന്തു് ഭയങ്കരമായ വിനോദമാണിതു്! കവികളും വിഷയനിർദ്ദേശം ചെയ്തുതുടങ്ങിയിരിക്കുന്നു!

രമ—സംശയമെന്തു്? ജീവിതത്തെ, അറിയുക-ഉണർത്തുക-പ്രചോദിപ്പിക്കുക-ജീവിതങ്ങൾക്കുവേണ്ടി ജീവിക്കുക.

മാധ—ജീവിതങ്ങൾക്കുവേണ്ടി ജീവിക്കുക—അതിനു കവി വേണമെന്നില്ല.

രമ—എല്ലാവരുംവേണം; കവിയുംവേണം. ഇതാരുടെയും പ്രത്യേക കർത്തവ്യമല്ല.

മാ—എന്റെ കർത്തവ്യം എന്നോടാണു്; എന്റെ ജന്മവാസനയോടാണു്.

രമ—ജീവിക്കുവാനാണു് ജന്മവാസന. കലാവൃത്തി ഒരു ജീവിതവ്യാപാരം മാത്രം; ഒരു മാർഗ്ഗംമാത്രം. ലക്ഷ്യം ജീവിതമാണു്. അതാണു കലാവ്യാപാരത്തിലൂടെ ജീവിതത്തെ പരിചരിക്കുവാൻ പറയുന്നതു്.

മാധ—അതു വിചിത്രമായി!

രമ—എന്തു വിചിത്രത? ശ്രീധരനെ നോക്കുക. പേനയും എന്തിക്കൊണ്ടു് എന്തിനാണു് ശ്രീധരൻ രാഷ്ട്രീയ ജീവിതത്തിന്റെ നീർച്ചുഴിയിലേക്കു എടുത്തുചാടിയതു്?

മാധ—കാവ്യജീവിതത്തെപ്പററിയുള്ള അജ്ഞതകൊണ്ടു്. ആകട്ടെ—ഞാനും അവന്റെ പിന്നാലെ എടുത്തുചാടട്ടെ?

രമ—അത്രമാത്രം മനുഷ്യസ്നേഹമുള്ള ഒരുവന്റെ ഭാര്യയാകാൻ എനിക്കു യോഗമുണ്ടോ?

(ശ്രീധരൻ പ്രവേശിക്കുന്നു)

രമ—ശ്രീധരൻ!

മാധ—ശ്രീധരൻ!

ശ്രീധരൻ—രമേ;.......മധു!......

രമ—ഇത്ര പ്രാകൃതനായി...ഈ വേഷത്തിൽ...ഈ സമയത്തു്...ശ്രീധരാ!

ശ്രീധരൻ—രമേ, രണ്ടുദിവസമായി ഉണ്ടിട്ടു്. രണ്ടുദിവസമായി കുളിച്ചിട്ടു്. രണ്ടുദിവസമായി ഉറങ്ങിയിട്ടു്.

മാധ—അനുജാ! ഇതെന്തു് ദർശനം?

ശ്രീധരൻ—ഇതാണു് ഞങ്ങളുടെ ജീവിതം രമേ! വിശക്കുന്നു. മുണ്ടുമൊന്നു മാറണം. വേഗം! വേഗം! ഞാൻ അനുധാവനം ചെയ്യപ്പെടുന്നു.

രമ—ചോറു്......

ശ്രീധരൻ—ഉള്ളതുമതി. വെള്ളം ധാരാളമൊഴിച്ചുകൊണ്ടുവരൂ. മാധവാ, ഞങ്ങളുടെ ആഫീസ് കണ്ടുകെട്ടി. കൂട്ടത്തോടെ അറസ്റ്റുനടക്കും ഞാനും വേട്ടയാടപ്പെടുന്നു.

മാധ—എപ്പോൾ? എന്തിനു്? എല്ലാം വിശദമായി പറയൂ.

ശ്രീധ—ഒക്കെ യഥാകാലം അറിഞ്ഞുകൊള്ളും. ഞാനിതാ തുറുങ്കിലേക്കു യാത്രയാണു്. നീയിനി എന്റെ കുറവു് നികത്തുക....ജനതയുടെ കർമ്മചൈതന്യത്തിനു് ഉണർവ്വു് നൽകുക....മാർഗ്ഗനിർദ്ദേശം ചെയ്യുക. രമ നിനക്കു തുണയായുണ്ടു്. ഞാൻ സമാധാനമായി പോകട്ടെ?

മാധ—ശ്രീധരാ! എന്തൊക്കെയാണു നീ പറയുന്നതു്! എന്തൊക്കെയാണു നീ ആവശ്യപ്പെടുന്നതു്!

ശ്രീ—പന്ത്രണ്ടുകൊല്ലത്തിനുമുമ്പു് ഞാൻ ആവശ്യപ്പെടേണ്ട കാര്യം; പന്ത്രണ്ടുകൊല്ലമായി ഞാൻ ആവശ്യപ്പെടാൻ ഒരുങ്ങുന്ന കാര്യം.

(രമ അകത്തേയ്ക്കു പോകുന്നു.)

മാധ—ഞാൻ ഒരു കവിയാണു്. കലാപീഠത്തിൽ അർപ്പിച്ചുകഴിഞ്ഞതാണു് എന്റെ ജീവിതം.

ശ്രീ—നാം മനുഷ്യരാണു്. മനുഷ്യത്വത്തിന്റെ കോവിലിൽ അർപ്പിക്കപ്പെടേണ്ടതാണു ജീവിതം.

മാധ—അസാദ്ധ്യം. സ്വാതന്ത്ര്യമാണു് എനിക്കു് എല്ലാററിലും വലുതു്. എല്ലാം പോയാലും എനിക്കു് സ്വതന്ത്രനായിരിക്കണം.

ശ്രീ—സ്വാതന്ത്ര്യം നമുക്കുള്ളതാണു്. കൂടുതൽ സ്വാതന്ത്ര്യത്തിലേക്കാണു നാം പോവുന്നതും.

മാധ—ഒരു പ്രത്യേക കക്ഷിയിൽ ഒതുങ്ങിനിന്നു് എന്റെ ജീവിതം ഞാൻ മുരടിപ്പിക്കയില്ല.

ശ്രീ—മനുഷ്യന്റെ പുരോഗതിതന്നെ മുരടിച്ചുനിൽക്കുന്നു. ജീവിതത്തിന്റെ പ്രവാഹംതന്നെ തടയപ്പെടുന്നു. അതിന്റെ തിരിഞ്ഞൊഴുക്കു് എങ്ങും സംഹാരത്തിന്റെ ചുഴികൾ നിർമ്മിക്കുന്നു. ഹൃദയഭേദകമായ ഈ ശക്തിക്ഷയം നോക്കിനിന്നു മൂളിപ്പാട്ടു പാടേണ്ടവനാണോ അറിവുള്ള കവി?

മാധ—കവിയുടെ ദിവ്യമായവ്യാപാരം ഞാൻ വെടിയണമെന്നോ? എന്റെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടാൽപിന്നെ ഞാൻ ആരാണു്?

ശ്രീ—ലോകത്തിന്റെ മുന്നോട്ടുവച്ച കാലുകൾ നീചശക്തികളാൽ പിൻവലിക്കപ്പെട്ടിരിക്കുമ്പോൾ, നമ്മുടെ പ്രത്യേക സ്വാതന്ത്ര്യത്തെപ്പററി പേശാൻ നമുക്കെന്തവകാശം?

മാധ—ഈ ജല്പനങ്ങൾ കേട്ട ഞാൻ അടിമത്വം വരിക്കുമെന്നു നിനയ്ക്കണ്ട.

ശ്രീ—അടിമത്വമോ?...ഹ, സ്വാതന്ത്ര്യവാദീ—നിങ്ങളുടെ കാല്പനികമായ നിലനില്പു്, കൂടി ആരെ ആശ്രയിച്ചാണു് സ്ഥിതിചെയ്യുന്നതെന്നു് അറിയുന്നില്ലേ? ഭാവനാരഥത്തിൽനിന്നും ഇറങ്ങിവന്നു, നിങ്ങൾ ആരുടെ അന്നമാണു ഭ

ഭടന്റെ പ്രതിജ്ഞ

(മണ്ണാലത്തു് ശ്രീധരൻ)

ഉടങ്ങുകയായി, മടങ്ങുകയായി
മഹിതമാതൃഭൂമടിയിലേക്കു ഞാൻ
കുടിലതക്കു കീഴമർന്നുവാഴുമൊ-
രടിമതന്നെയാം മമനാടിന്നുമേ!
അടിമത്തത്തോടേറ്റേറാടിവെന്ന
ഭടൻഞാൻ;-എന്റെനാടിനിയുംബന്ദിയോ
പരനായിട്ടല്ലെൻ നിണം വാററിയതും
പിടിച്ചോറിനല്ലസമരംചെയ്തതും
മമ നാട്ടിൻശാന്തി; മമ നാട്ടിൻമാനം;
മമ നാട്ടിൻവീര്യമിവയെ രക്ഷിപ്പാൻ
ഇരുണ്ടധൂമമുതിർത്തമന്ദമായ്
ഇരമ്പിയെത്തീടുമരിയോടേൽക്കുവാൻ
മലയിൽകാന്താരനടുവിൽതോക്കുമായ്
നിലയുറപ്പിച്ചുകിടക്കുമ്പോഴെല്ലാം
ശ്രവിക്കാറുണ്ടു ഞാൻ ഹൃദയസ്പന്ദനാ-
രവത്തിലൂടൊരു പരിശുദ്ധാഹ്വാനം;
“തവ നാട്ടിൻശാന്തി; തവ നാട്ടിൻമാനം
തവ നാട്ടിൻ വീര്യമിവയെ രക്ഷിക്കൂ!”
പതഞ്ഞുമന്ദമായ് പുളഞ്ഞൊഴുകുന്ന
നദിതൻമർമ്മരമാവർത്തിച്ചോതും:
“ഇവയെ രക്ഷിപ്പാനണയും ശത്രുവി—
നവിഹിതോദ്യമമനുവദിക്കൊല്ലെ.”

x x x

അടങ്ങുകില്ലഞാൻ, മടങ്ങുകില്ല ഞാ—
നടിമത്തത്തിന്റെയടിവേരറുക്കാതെ
കുടിലതക്കുകീഴമർന്നുവാഴുമെ-
ന്നടിമനാട്ടിനെസ്വതന്ത്രയാക്കാതെ—
സുഖസൗധംനിസ്വനിലത്തിൽ തീർപ്പാനു-
ത്സുകരായ കുധനികൾക്കായ്തീർത്ത—
ബഹുഭൂരിപക്ഷജനത തൻ രക്ത-
മഹോ! കുടിക്കുവാനൊരുങ്ങിനിൽക്കുന്ന-
നിയമനീതികൾ നിലനിൽക്കുവോളം
നിലയ്ക്കുകില്ലെന്റെ സമരം; നിർണ്ണയം!

...0...

വിക്കുന്നതെന്ന് അറിയുന്നില്ലേ? അന്യരുടെ ഉരുള ഉണ്ടു് ജീവിക്കുന്ന നിങ്ങൾ—

മാധ—കവിക്ക്, സ്വാതന്ത്ര്യമെന്നൊന്നില്ലന്നാണോ നീ പറഞ്ഞുകൊണ്ടു വരുന്നതു്?

ശ്രീ—കവിയുടെ ഓരോ തുള്ളി രക്തവും ആരുടേതായിരിക്കുന്നുവൊ അവരാണ സമ്പത്തിന്റെ ഉല്പാദകരാണ്—നിങ്ങളുടെ സ്വാതന്ത്ര്യം നിശ്ചയിക്കേണ്ടതു്.

മാധ—എന്റെ പാണികൾ സ്വതന്ത്രങ്ങളല്ലെങ്കിൽപിന്നെ എന്റെ കലാസൃഷ്ടികളുടെ സൗന്ദര്യത്തിനു് ആരു് ഉത്തരവാദിയാകും?

ശ്രീ—കാഴ്ചപ്പാടിനെ ആശ്രയിച്ചാണ സൗന്ദര്യം സ്ഥിതിചെയ്യുന്നതു്. നവ്യമായ ഒരാവശ്യത്തിന്റെ കാഴ്ചപ്പാടിൽകൂടി ഇന്നു സൗന്ദര്യത്തെ വീക്ഷിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല പ്രയോജനത്തെ അവഗണിച്ചുള്ള സൗന്ദര്യം അഭിലഷണീയവുമല്ല.

മാധ-പക്ഷെ എന്തു ചെയ്യട്ടെ! ഞങ്ങൾ സൗന്ദര്യത്തിന്റെ ഉപാസകരായിപ്പോയി.

ശ്രീ.—ഹേ, സൗന്ദര്യോപാസകാ! നിങ്ങളുടെ കലാസൗന്ദര്യത്തെ നിഷ്പ്രഭമാക്കുന്നതായി വേറെ ഒരു സൗന്ദര്യമുള്ളതു് താങ്കൾ അറിയുന്നില്ലേ. ജീവിതത്തിന്റേതായ ആ സജീവസൗന്ദര്യം! ആ പരമസൗന്ദര്യം വികൃതമാക്കപ്പെടുമ്പോൾ—വിശോദരത്തെ അശാന്തമാക്കിക്കൊണ്ടു് ഒരു മഹാമാരി ജീവിതത്തെ താറുമാറാക്കുമ്പോൾ—“കലാസൗന്ദര്യ”വും ധ്യാനിച്ചുകൊണ്ടു നിങ്ങൾ മാറിയിരിക്കുമോ? പുരോഗതിയുടെ ഉഗ്രശക്തിയെ പിന്തിരിപ്പിച്ചു വിശ്വമണ്ഡലം ചുട്ടുകാടാക്കുവാൻ മടിക്കാത്ത നീചശക്തികൾ മുന്നിൽക്കൂടി ക്രൂസഷറു് കവാത്തു ചെയ്യുമ്പോൾ സൗന്ദര്യത്തിന്റെ പേരുംപറഞ്ഞു് നിങ്ങൾ ഒഴിഞ്ഞുമാറുമോ?

മാധ—ഞാൻ ഒഴിഞ്ഞുമാറുന്നില്ല. പക്ഷെ അതു മാത്രമല്ല എന്റെ കർത്തവ്യം

ശ്രീധ—അതിൽ കവിഞ്ഞൊരു കർത്തവ്യം ആർക്കും ചെയ്യാനില്ല മാധവാ!

മാധ—കലാകാരന്റെ ഉത്തരവാദിത്വത്തെ വിസ്മരിച്ചുകൊണ്ടു് നിങ്ങൾ സംസാരിക്കുന്നു.

ശ്രീധ—ഒരിക്കലുമില്ല. ഉത്തരവാദിത്വമില്ലായ്മ സ്വാതന്ത്ര്യമാവുമോ? അന്യധാത്വം സ്വാതന്ത്ര്യമാവുമോ?...

ജ്യേഷ്ഠാ! സംശയിച്ചു നിൽക്കാനുള്ള സമയമല്ല ഇതു്. എഴുന്നേൽക്കുക! എന്നെ യാത്രയാക്കുക!

മാധ—എനിക്ക് ഒരേ ഒരുത്തരമേ ഉള്ളൂ. താല്പര്യങ്ങൾക്കതീതനായിനിന്നും എന്റെ വ്യക്തിത്വം എനിക്ക് രക്ഷിക്കണം.

ശ്രീ-വ്യക്തിത്വത്തിന്റെ പേർ പറഞ്ഞു്

നിഷ്പ്രയോജനമായ ജീവിതം നയിക്കുന്നതു് പാപമല്ലേ? പ്രതിഫലം നൽകാതെ അന്യരുടെ പ്രയത്നഫലം അനുഭവിക്കാൻ നാണമാകുന്നില്ലേ?

മാധ-കലാസൃഷ്ടികളാണു് എന്റെ പ്രതിഫലം. കലാപകലുഷമായ ഈ ലോകത്തിൽ ഞാൻ സൗന്ദര്യത്തിന്റെ സന്ദേശം പരത്തും; വ്യക്തിത്വത്തിന്റെ വികസനം കീർത്തിക്കും. പൂർണ്ണമായൊരു ജീവിതമാതൃക അവശേഷിപ്പിക്കും. എന്റെ സന്ദേശം ഇന്നല്ലെങ്കിൽ ഇനി വരുംകാലത്തു് വേരിടാതിരിക്കയില്ല. അന്നു് ശാന്തി സംസ്ഥാപിതമാവാതിരിക്കയില്ല.

ശ്രീധരൻ—വളരെ ശരി! അത്രയും തീർച്ചയായി!! പക്ഷെ അതുവരെ ജീവിക്കണമല്ലോ. അതുകൊണ്ടു് തൽക്കാലം ജീവിതമാർഗ്ഗങ്ങൾ നിയന്ത്രിക്കുന്നവരോടു് സൌഹൃദമായി വർത്തിക്കും, അവരുമായി സഹകരിക്കും, അവരുടെ ആശകളും വികാരങ്ങളും പ്രകാശിപ്പിക്കും, അങ്ങനെ അവരുടെ കണ്ണാടിയിൽകൂടി ജീവിതത്തെ വീക്ഷണം ചെയ്യും, അവരുടെ എതിരാളികളായ സമാധാനഭഞ്ജകരോടു് നിസ്സഹകരിക്കയും ചെയ്യും അല്ലേ?

മാധ—പരിഹാരം എന്റെ കണ്ണുമൂടുകയില്ല. എന്തിനെയും അവഗണിച്ചു ഞാൻ എന്റെ സ്വാതന്ത്ര്യം പുലർത്തും.

ശ്രീധ—മനുഷ്യത്വത്തെയും?

മാധ—തീർച്ചയായും.

ശ്രീധ—നിങ്ങൾ ആത്മഹത്യ ചെയ്യുകയാണു് ഇനി വേണ്ടതു്. ഇങ്ങനെ സ്വയം വഞ്ചിച്ചു്, അന്യരെ വഞ്ചിച്ചു്, ഭീരുതയുടെ ധൂമവലയത്തിൽ പതുങ്ങുന്നതിനെക്കാൾ അതാണുചിതം-

മാധ—അതിനും ഞാൻ മടിയ്ക്കയില്ല—എന്റെ പ്രതിഭയെ രക്ഷിക്കുന്നതിനുവേണ്ടി.

ശ്രീധ:—അങ്ങനെതന്നെ സംഭവിക്കട്ടെ! (പോകാൻ എഴുന്നേൽക്കുന്നു) രമേ!

(അണിയറയിൽ രമ:—ശ്രീധരാ ഇതാ വരുന്നു. കണ[illegible]ല്ലാറായിപ്പോയി)

ശ്രീധ-(അവസാനഭാവത്തിൽ) എന്റെ സ്നേഹിതാ, ഞാൻ അവസാനമായി പറയുന്നു, ഒരു മനുഷ്യനോടെന്ന നിലയിൽ പറയുന്നു. നിങ്ങളുടെ ഈ വികല വിശ്വാസങ്ങൾ മനുഷ്യത്വത്തിന്റെ പേരിൽ പരിത്യജിക്കൂ; മനുഷ്യത്വത്തിന്റെ രക്തസാക്ഷിയായി നമ്മെയെല്ലാം പുലർത്തുന്ന ലക്ഷോപലക്ഷത്തിന്റെ നാവായി, ഞാൻ പറയുന്നു. എങ്ങും തൊടാത്ത നിങ്ങളുടെ ഈ നില വലിച്ചെറിയുക; ഈ കർമ്മഭീരുത പരിത്യജിക്കുക. ജീവിതം എന്നെന്നും കലാപകലുഷമല്ല. അതിന്റെ കാരണങ്ങളുടെ ദൃശ്യങ്ങൾ ദൃശ്യങ്ങളുമല്ല. അതിന്റെ നാശത്തിനുള്ള വിത്തുകൾ അതുതന്നെ വിതച്ചിട്ടുണ്ടു്. അതു് പൊളിഞ്ഞു തുടങ്ങിയിട്ടുണ്ടു്. അശാന്തിക്കു് സ്ഥാനമില്ലാത്ത ഒരു ലോകം അനതിദൂരഭാവിയിൽ നമുക്കു സൃഷ്ടിക്കാം. അതിനുവേണ്ട ശക്തി സ്വരൂപിക്കപ്പെടുകയാണിന്നു്. അതിലേക്കാണു് നിങ്ങളെ ഞാൻ ക്ഷണിക്കുന്നതു്. ഹൃദയമുള്ളവർക്കു് അവിടെയല്ലാതെ സ്ഥാനമില്ല. ഹൃദയാലുവായ കവേ! ആ ശക്തിയെ നിങ്ങൾ സ്വന്തമാക്കുക. വേഷം അല്പം അല്പം മലിനമാകുമായിരിക്കാം. ദേഹം അല്പം വിയർക്കുമായിരിക്കാം. എന്നാലെന്തു-? പുതിയ കല മാത്രമല്ല, ഒരു പുതിയ ലോകംകൂടി നാം നിർമ്മിക്കും. സുന്ദരമായ ഒരു ലോകം! അതു നിറയെ സുന്ദരമായ ആത്മാക്കൾ!! ഹാ, എന്താനന്ദം!! മധു, വരു.....എന്നെ ആശ്ലേഷിക്കൂ! (കരങ്ങൾ നീട്ടുന്നു)

(ഒരു പോലീസുകാരൻ പ്രവേശിക്കുന്നു)

പോലീ-മി. ശ്രീധരൻ നിങ്ങൾ അറസ്റ്റിലാണു്. (മുന്നോട്ടുചെന്നു നീട്ടിയ കൈയിൽ വിലങ്ങു വയ്ക്കുന്നു)

ശ്രീ—(ആശാപൂർണ്ണനായി) മധു!.....

മാധ-(പാരവശ്യത്തോടെ) എന്റെ സ്വാതന്ത്ര്യം! എന്റെ വ്യക്തിത്വം! എന്റെ കല!

രമ—(ഒരു പാത്രം നിറയെ കഞ്ഞിയും, കക്ഷത്തിൽ അലക്കിയ മുണ്ടുകളുമായി പ്രവേശിച്ചു്) ശ്രീധരാ! കഞ്ഞി!

പോലീ—മി. ശ്രീധരൻ നടക്കുക. (പിടിച്ചു വെളിയിലേക്കു് നടത്തുന്നു)

രമാ.—ശ്രീധരാ! ശ്രീധരാ!!......

ശ്രീ—(വെളിയിൽനിന്നു്) രമേ! രമേ...!

(രമ കഞ്ഞിയും മുണ്ടും എല്ലാം താഴെ ഇട്ടിട്ടു മുന്നോട്ടു കുതിക്കുന്നു. മാധവൻ തടയുന്നു)

രമ-(ജ്വലിക്കുന്ന കോപത്തോടെ) മാറുക! എന്റെ സ്ഥാനം ഇനി ഇവിടെയല്ല. ചൂഷണത്തിന്റെ പങ്കുപറ്റുവാൻ ഇനി ഞാനില്ല.

മാധ-ഞാൻ ചൂഷകനല്ല.

രമ-(സാവേശം) പിന്നല്ലാതെ ആരാണു് നിങ്ങൾ? വേശ്യ കാമവികാരത്തിനെ കൊള്ളയടിച്ചു ജീവിക്കുന്നതുപോലെ, പുരോഹിതൻ അജ്ഞതയെ കൊള്ളയടിച്ചു് ജീവിക്കുന്നതുപോലെ, നിങ്ങൾ-'നിങ്ങൾ-'

മാധ-ഞാൻ സംസ്കാരത്തിനു് മുതൽക്കൂട്ടിയാണു് ജീവിക്കുന്നതു്?

രമ-ശതവർഷങ്ങളായി നിങ്ങൾ മുതൽക്കൂട്ടിയിട്ടു് ഇന്നു് സംസ്കാരം എത്രടമായി? നോക്കുക, ചുററിനുമുള്ള കുരുതിക്കളങ്ങളിൽ സംസ്കാരം അങ്ങനെ നൃത്തം വയ്ക്കുന്നതു്!...മാറൂ. ഞാൻപോകട്ടെ.

മാധ-(ദീനനായി) നിൽക്കു്, രമേ! അതു് ഞങ്ങളുടെ കുററമാണോ?

ഉദ്യാനം

മലയാളത്തിലെ മികച്ച ഏഴ് ചെറുകഥകൾ

1. നിരീശ്വരൻ – പൊൻകുന്നംവർക്കി
2. ഉദ്യോഗ ലാഭം — കാരൂർ നീലകണ്ഠപ്പിള്ള.
3. പാവങ്ങൾ – എസ്. കെ. ആർ. കമ്മത്ത്.
4. ആ ഡ്രൈവറുടെ ഭാര്യ – പാലാ ഗോപാലൻ നായർ
5. പാട്ടുകാരി – പി. സി. കോരുത്.
6 സ്മരണകൾ – വെട്ടൂർ രാമൻനായർ.
7- അതിഥേയി – എം. എൻ. ഗോവിന്ദൻ നായർ ബി. എ. ബി. എൽ.

വില 1 രൂപാ. സചിത്രക്കട്ടികവർ. വി. പി. അയയ്ക്കാൻ എഴുതുക.

ബുക്കുസ്റ്റാളുകൾ നടത്താൻ ആഗ്രഹിക്കുന്നവർക്ക്?

ഞങ്ങളുടെ ഒട്ടധികം പുസ്തകങ്ങൾക്ക് വമ്പിച്ച കമ്മീഷൻ വ്യവസ്ഥയിൽ എല്ലാസ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്. 125 രൂപാമാത്രം മുടക്കി ഏതെങ്കിലും സ്ഥലങ്ങളിൽ ബുക്കുസ്റ്റാൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർ എഴുതുക. 125 രൂപായ്ക്കു 200 രൂപായുടെ അതിൽ പതിലധികം ഇനം (ഏകദേശം 200 എണ്ണം) പുസ്തകങ്ങൾ ബുക്ക്സ്റ്റാളുകൾ നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് നൽകുന്നതാണ്.

പി. സി. ബുക്ക് സ്റ്റാൾ, കോട്ടയം.

രമ–നിങ്ങൾ കുറ്റങ്ങൾക്കതീതരാണൊ! അസ്ഥിവാരം മുഴുവൻ ചിതൽപ്പുറ്റായി തീർന്നിരിക്കുമ്പോൾ–ഭിത്തികൾ മുഴുവൻ ദ്രവിച്ചു വിണ്ടിരിക്കുമ്പോൾ–പിന്നെയും മുകൾത്തട്ടിൽ ചിത്രപടങ്ങൾ തൂക്കുവാൻ വെമ്പുന്ന നിങ്ങൾ കുറ്റങ്ങൾക്കതീതരാണ്!

മാധ—'ഞങ്ങൾ—ഞങ്ങൾ-'

രമ–ഒരു പുതിയ അടിസ്ഥാനത്തിന്മേൽ ഒരു പുതിയ മാളിക സൃഷ്ടിക്കണം.

മാധ–അതു് ഞങ്ങളുടെയും ആഗ്രഹമാണ്.

രമ-ആഗ്രഹമോ? അതു നിങ്ങളുടെ കർത്തവ്യമാണ്. ആ മഹായജ്ഞത്തിൽ നിങ്ങൾ എന്തു സ്ഥാനം വഹിക്കും?

മാധ-കക്ഷികൾക്കതീതമായി–

രമ-പിന്നെയും കക്ഷി! കക്ഷികൾക്കതീതനായി നിങ്ങൾ എവിടെ നില്ക്കുമെന്നാണ് ഞാൻ ചോദിക്കുന്നതു്? എവിടെ? എവിടെ? ആകാശത്തിലോ!

മാധ-എന്റെ സ്വാതന്ത്ര്യം, ആർക്കും കീഴ്പ്പെടുത്തുവാൻ പാടുള്ളതല്ല രമേ!

രമ–നിങ്ങളുടെ സ്വാതന്ത്ര്യം! മനുഷ്യരാശിയുടെ സ്വാതന്ത്ര്യം കെട്ടുതിന്റെ തീക്കടലിലേക്കു താണുകൊണ്ടിരിക്കുന്നതു കണ്ടില്ലേ? മാറു, മുന്നിൽനിന്നു് (മുന്നോട്ട്)

മാധ—(രമയുടെ കൈക്കു് പിടിച്ചുകൊണ്ടു്) രമേ!......

രമ–ഛീ! മാറിനിൽക്കു, ലജ്ജയില്ലാത്ത ഭീരു! (മുന്നോട്ട്)

മാധ–(വിക്കി വിക്കി) രമേ! എന്റെ സ്വാതന്ത്ര്യം....

രമ–(ദൃഢതയോടെ) ഒന്നു മനസ്സിലാക്കൂ. അതിനേക്കാൾ പ്രാധാന്യമുള്ള കാര്യങ്ങളും ലോകത്തിലും ഉണ്ടു്.

(മുന്നോട്ടു് നടന്നു മറയുന്നു)

മാധ–(ഭ്രാന്തനായി) എന്റെ സ്വാതന്ത്ര്യം! എന്റെ രമ! എന്റെ രമ! രമേ! രമേ!!

(പിന്നാലെ ഓടുന്നു)

–യവനിക–

Printed and Published by P. J. Joseph at the Geo Printinq Works, Kottayam.

Reg. No. T. 7. M! 4720 LicenseNo. 368 Dated 1st March 1939
CHITRODAYAM, KOTTAYAM.

ഭാവി കരുതേണ്ടേ—

ആരോഗ്യവും പ്രവർത്തനശക്തിയും എന്നും നിലനിൽക്കുകയില്ല. അതുപോലെ തന്നെ സൗഭാഗ്യപൂർണ്ണമായ കാലവും ജീവിതത്തിൽ ഇല്ലാതിരിക്കയില്ല. നമ്മുടെ കഴിവുകളെ നാം തന്നെ അറിയുന്നതിലും അവ നിത്യജീവിതത്തിൽ പ്രയോജനപ്പെടുത്തുന്നതിലുമാണ് നമ്മുടെ വിജയം.

പ്രവർത്തനശക്തിയുള്ള കാലത്ത് പണം ഉണ്ടാക്കാത്തവരായി ആരും ഇല്ല. പക്ഷേ, ഭാവിക്കുവേണ്ടി കരുതുവാൻ എത്ര പേർക്ക് കഴിയുന്നു!

ശ്രമിച്ചാൽ ആർക്കും പണം സമ്പാദിക്കാം. നമ്മുടെ ചെലവുകൾ വരവുകളെക്കാൾ കൂടാതിരിക്കട്ടെ. മിച്ചമുള്ള സംഖ്യ ബാങ്കിൽ നിക്ഷേപിക്കുക.

ട്രാവൻകൂർ
നേറ്റിവ് ബാങ്ക് ക്ലിപ്തം
തൊടുപുഴ.

തീപ്പൊരികൾ

പട്ടിണി, വ്യഭിചാരം എന്നീ ദുർഭൂതങ്ങളുടെ ബീഭത്സതയെ തന്മയത്വത്തോടെ ചിത്രീകരിക്കുന്ന ഹൃദയസ്പർശിയായ ഒരു ചെറുകഥയും ഫലിതമ[illegible] ഒരു ഏകാങ്കനാടകവും.

ഗ്രന്ഥകർത്താ—മുട്ടമ്പലം കെ. കെ. [illegible] വില 4 അണ.

കച്ചവടക്കാർക്കും ഏജൻറന്മാർക്കും നല്ല കമ്മീഷൻ. [illegible]വശ്യപ്പെടുക.

പി. ജെ. ജോസഫ്, വി. ജി. പ്രസ്സ്, കോട്ടയം.

ചിരിക്കാനുള്ള രണ്ടു പുസ്തകങ്ങൾ

ഫലിതരസസമ്പന്നനായ ശ്രീ ഇ. എം. കോവൂരിൻെറ

സൽക്കാരം - പള്ളിയുണർത്തൽ

വില ഓരോ രൂപാ വീതം.

വിദേശങ്ങളിൽ ഏജൻറന്മാരെ ആവശ്യമുണ്ട്.

വിദ്യാർത്ഥിമിത്രം ബുക്കുഡിപ്പോ, കോട്ടയം.